# കൈരളി

## ഡിജിറ്റൽ മാഗസിൻ




## റ്റി റ്റി വി എച്ച് എസ് എസ് കാവുംകര മൂവാറ്റുപുഴ

ലിറ്റിൽ കൈറ്റ്സ് 2019-21

## സ്മരണാഞ്ജലി

മർഹ്ഹൂം റ്റി എം സീതി സാഹിബ്

സ്ഥാപക മാനേജർ

( റ്റി റ്റി വി എച്ച് എസ് എസ് )



# സന്ദേശം




ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ എന്ന നിലയിൽ ലഭിച്ച വൈവിധ്യമാർന്ന അറിവുകളും പരിശീലനവും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും എന്നതിനു തെളിവാണ് ഈ ഡിജിറ്റൽ മാഗസിൻ. വിവര സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയും വളർത്താൻ ഇത് സഹായകമായിട്ടുണ്ട്. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ആശംസകൾ നേരുന്നു.

റ്റി എസ് അമീർ

മാനേജർ

റ്റി റ്റി വി എച്ച് എസ് എസ്

# സന്ദേശം




മലയാളം ടൈപ്പിങ്ങിലും പ്രസിദ്ധീകരണത്തിലും സാങ്കേതികത്തികവുള്ള ഒരു തലമുറയെ രൂപപ്പെടുത്താൻ ഡിജിറ്റൽ മാഗസിൻ നിർമ്മാണത്തിലൂടെ സാധിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല. ഇതിനു വേണ്ടി പരിശ്രമിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും കൈറ്റ് മാസ്റ്റേർസിനും ഭാവുകങ്ങൾ നേരുന്നു.

പി സി സ്കറിയ
ഹെഡ്മാസ്റ്റർ
റ്റി റ്റി വി എച്ച് എസ് എസ്

## ആമുഖം

മലയാളം ടൈപ്പിങ്ങിലും പബ്ലീഷിങ്ങിലും ആർജ്ജിച്ച അറിവുകൾ പ്രായോഗിക തലത്തിലെത്തിക്കാൻ സഹായകമായ ഒരു പ്രവർത്തനമായിരുന്ന ഡിജിറ്റൽ മാഗസിൻ നിർമ്മാണം. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഒരു പ്രധാന പ്രവർത്തനമെന്ന നിലയിൽ ഞങ്ങളുടെ സൃഷ്ടികൾ നിങ്ങളേവരുടെയും മുന്നിൽ സാഭിമാനം സമർപ്പിക്കുന്നു.



ഫാത്തിമ്മ ആസിഫ്

സ്റ്റുഡന്റ് എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്

പി സി സ്കറിയ - ചീഫ് എഡിറ്റർ
( ഹെഡ്മാസ്റ്റർ )



സോണി മാത്യൂ - സ്റ്റാഫ് എഡിറ്റർ



ജിജോ ജോസഫ് - സ്റ്റാഫ് എഡിറ്റർ



ഫാത്തിമ്മ ആസിഫ് - സ്റ്റുഡന്റ് എഡിറ്റർ




ഇർഫാന - എഡിറ്റർ




റിസ്‌വാൻ റഷീദ് - എഡിറ്റർ




ഫർസാന ഉബൈബൽ - എഡിറ്റർ



മുഹമ്മദ് റ്റി എസ് - എഡിറ്റർ



റ്റി എച്ച് ഹന്ന ഫാത്തിമ – എഡിറ്റർ



മാഹിൻ അബൂബക്കർ വി എസ് - എഡിറ്റർ



## ഉള്ളടക്കം


വിജയത്തിളക്കം...........................................................................................................10
യാത്രാമംഗളങ്ങൾ.........................................................................................................12
സ്കൂൾ വാർഷികം 2019 -20...........................................................................................13
ഡിജിറ്റൽ പെയിന്റിംഗ്.....................................................................................................15
സ്മാർട്ടമ്മ പരിശീലനം......................................................................................................17
ഡിജിറ്റൽ പൂക്കളങ്ങൾ......................................................................................................20
അബ്ദുൽ കലാം.................................................................................................................24
അമ്മ...............................................................................................................................25
അറിവായ് നിറവായ്..........................................................................................................28
എഡ്യൂസാറ്റ്......................................................................................................................30
കലാംമൊഴികൾ...............................................................................................................31
കുഞ്ഞുണ്ണിക്കവിതകൾ.....................................................................................................32
കൃഷി എന്ന സംസ്കാരം.....................................................................................................33
ഗാന്ധി വചനങ്ങൾ.............................................................................................................35
ചാർളി ചാപ്ലിന്റെ ജീവിതം..................................................................................................36
തകഴി ശിവശങ്കരപ്പിള്ള.......................................................................................................37
തിരുവാതിര.......................................................................................................................38
പ്രകൃതി സൗന്ദര്യവും കലാസൗന്ദര്യവും..................................................................................40
പ്രകൃതിയുടെ മടിത്തട്ട്.........................................................................................................42
വൈക്കം മുഹമ്മദ് ബഷീർ......................................................................................................44
മതിലുകൾ.........................................................................................................................45
മലമ്പുഴ..............................................................................................................................46
അനുഭവ വിവരണം..............................................................................................................46
മലാല യൂസഫ് സായി..........................................................................................................47
മോഹൻദാസ് കരംചന്ദ്ഗാന്ധി...............................................................................................49
“രണ്ട് കൈകൾ കൊണ്ട് ഭക്ഷണം കഴിക്കുന്നോ?”..................................................................51
വള്ളത്തോൾ നാരായണ മേനോൻ..........................................................................................52
ജ്ഞാനലബ്ധി.....................................................................................................................53
ശ്രീനാരായണഗുരു..............................................................................................................54
മദർ തെരേസയുടെ ജീവിതം.................................................................................................55
സാഹോദര്യം......................................................................................................................57

സി. എച്ച് മുഹമ്മദ് കോയ....58
അവഗണിക്കപ്പെടുന്ന വാർദ്ധക്യം....60
ഫുഡ്ബോളിൽ നക്ഷത്രത്തിളക്കവുമായി തർബിയത്ത്....61

## വിജയത്തിളക്കം




മൂവാറ്റുപുഴ മണ്ഡലത്തിൽ എസ് എസ് എൽ സി പരീക്ഷയിൽ 100% വിജയം നേടിയ സ്കൂളുകൾക്കുള്ള വിദ്യാദീപ്തി പുരസ്കാരം ഹെഡ്മാസ്റ്റർ ശ്രീ പി സി സ്കറിയ , എൽദോ എബ്രഹാം എം എൽ എ യിൽ നിന്നും ഏറ്റുവാങ്ങുന്നു.

ഈ വർഷത്തെ വിദ്യാരംഗം കലാ സാഹിത്യവേദിയുടെയും വായനവാരത്തിന്റെയും ഉദ്ഘാടനം കഥാകൃത്ത് ശ്രീ കടാതി ഷാജി നിർവഹിച്ചു.




വിദ്യാരംഗം സർഗ്ഗോത്സവം മാതൃഭൂമി ലേഖകനും മൂവാറ്റുപുഴ പ്രസ്സ് ക്ലബ്ബ് സെക്രട്ടറിയുമായ ശ്രീ പി എസ് രാജേഷ് ഉദ്ഘാടനം ചെയ്തു.



## യാത്രാമംഗളങ്ങൾ




ഈ വർഷം തർബിയത്ത് സ്കൂളിൽ നിന്നും വിരമിക്കുന്നവർ

1.ശ്രീമതി കെ എ റുഖിയ ബീവി (UPSA), 2.ശ്രീമതി ബേബി ഗിരിജ (HSA)

3.ശ്രീമതി കെ എം സഫിയ (UPSA), 4. ശ്രീമതി ആനിയമ്മ ജോസഫ് (HSA),

5.ശ്രീ ജോർജ്ജ് കെ ജേക്കബ് (VHSE Teacher),6.ശ്രീ രമേശ് എം എ (Lab Assistant).

# സ്കൂൾ വാർഷികം 2019 -20

ചില നിമിഷങ്ങൾ



തർബിയത്തിലെ പൂർവ്വ വിദ്യാർത്ഥികളായ വൈദ്യശാസ്ത്ര പ്രതിഭകൾക്ക്
മാതൃവിദ്യാലയത്തിന്റെ ആദരം

മുഖ്യാതിഥി ശ്രീ ടിനി ടോം (സിനി ആർട്ടിസ്റ്റ്)






തർബിയത്ത് ട്രസ്റ്റ്
വൊക്കേഷണൽ & ഹയർ സെക്കന്ററി സ്കൂൾ, മൂവാറ്റുപുഴ
44 ാം വാർഷികാഘോഷം
2020 ജനുവരി 10 വെള്ളിയാഴ്ച
മുഖ്യാതിഥി ശ്രീ ടിനി ടോം
അധ്യാപക രക്ഷാകർതൃദിനം - യാത്രയയപ്പ് സമ്മേളനം
പൂർവ്വ അധ്യാപക - വിദ്യാർത്ഥി സംഗമം - കുട്ടികളുടെ കലാപരിപാടികൾ


# ഡിജിറ്റൽ പെയിന്റിംഗ്

അരവിന്ദ് എൻ എസ് -9 എ











# ഡിജിറ്റൽ പെയിന്റിംഗ്

അൻസ മറിയം പി എ- +1





## സ്മാർട്ടമ്മ പരിശീലനം

മൂവാറ്റുപുഴ തർബിയത്ത് ട്രസ്റ്റ് വി എച്ച് എസ് എസിൽ ലിറ്റിൽകൈറ്റ്സ് യൂണിറ്റ് അമ്മമാർക്കായി ഹൈടെക് ക്ലാസ്സുകളിലെ സാങ്കേതിക സജ്ജീകരണങ്ങളെക്കുറിച്ചും ആധുനിക വിവരവിനിമയ സങ്കേതങ്ങളെക്കുറിച്ചും പരിശീലനം സംഘടിപ്പിച്ചു . പാഠപുസ്തകങ്ങളിൽ ചേർത്തിരിക്കുന്ന ക്യൂ ആർ കോഡ്, സമഗ്ര ലേണിംങ് പോർട്ടൽ, വിക്ടേർസ് ചാനൽ എന്നിവ കുട്ടികളുടെ പഠനപുരോഗതിക്ക് എങ്ങിനെ ഫലപ്രദമായി വിനിയോഗിക്കാമെന്ന് വ്യക്തമാക്കുന്നതായിരുന്നു പരിശീലനം . സൈബർ സുരക്ഷാ ബോധവൽക്കരണവും പരിശീലനത്തിന്റെ ഭാഗമായി നടന്നു . ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ തന്നെയാണ് ക്യൂ ആർ കോഡ് റീഡർ ,സമഗ്ര പോർട്ടൽ ,വിക്ടേർസ് ചാനൽ എന്നിവ മൊബൈലിൽ ഇൻസ്റ്റാൾ ചെയ്യാൻ അമ്മമാരെ സഹായിച്ചത്. മാനേജർ റ്റി എസ് അമീർ യോഗം ഉദ്ഘാടനം ചെയ്തു . ഹെഡ്മാസ്റ്റർ പി സി സ്കറിയ ,എം പി റ്റി എ പ്രസിഡന്റ് ഷൈല സലിം എന്നിവർ ആശംസകൾ നേർന്നു . കൈറ്റ് മാസ്റ്റർ സോണി മാത്യു , കൈറ്റ് മിസ്ട്രസ് ജിജോ ജോസഫ് എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി .





2019 മാർച്ച് എസ് എസ് എൽ സി പരീക്ഷയിൽ എല്ലാ വിഷയത്തിനും എ പ്ലസ്സ് നേടിയവർ



സാഹിൽ ഷറഫുദ്ദിൻ



അഫ്ര എ



മുഹമ്മദ് ഫായിസ് ററി എ



അബ്ദുള്ള അമൽ



ഫിറോസ് മുഹമ്മദ് ഇല്യാസ്




മുനീറ അലി



അൽത്താഫ് കെ എ



ഹസ്ന അബ്ദുൾ കരിം




അൻസ മറിയം





സഫ്ന പി അബ്ബാസ്


ഓണാഘോഷത്തോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ


## ഡിജിറ്റൽ പൂക്കളങ്ങൾ






















യോഗാ ദിനത്തോടനുബന്ധിച്ച് എൻ സി സി യുടെ നേതൃത്വത്തിൽ നടന്ന യോഗാ പരിശീലനം





## പുരസ്കാര നിറവിൽ തർബിയത്ത്

മാതൃഭൂമി സീഡ് മികച്ച പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം സീഡ് കോഓർഡിനേറ്റർ ശ്രീമതി ഷേർലി ജോസഫും സീഡ് അംഗങ്ങളും ചേർന്ന് ഏറ്റുവാങ്ങുന്നു.



മലയാളം സബ്ജക്റ്റ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 'വൃദ്ധസദനങ്ങൾ അനിവാര്യമോ ' ? എന്ന വിഷയത്തിൽ നടന്ന സംവാദം ഹെഡ്മാസ്റ്റർ ശ്രീ പി സി സ്കറിയ ഉദ്ഘാടനം ചെയ്യുന്നു .






# അബ്ദുൽ കലാം




ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതി 'അവുൽ പകീർ ജൈനലബ്ദീൻ അബ്ദുൽ കലാം' എന്ന ഡോ.എ.പി.ജെ. അബ്ദുൽ കലാം (1931 ഒക്ടോബർ 15 - 2015 ജനുവരി 7). പ്രശസ്ത മിസൈൽ സങ്കേതികവിദ്യാവിദഗ്ധനും ,എൻജിനീയറുമായിരുന്നു ഇദ്ദേഹം . തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ച ഇദ്ദേഹം ബഹിരാകാശ എൻജിനിയറിംഗ് പഠനത്തിന് ശേഷം പ്രതിരോധ ഗവേഷണ വികസന കേന്ദ്രം , ബഹിരാകാശ ഗവേഷണ കേന്ദ്രം തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നു. ഇന്ത്യ തദ്ദേശിയമായി വികസിപ്പിച്ച സാറ്റ് ലൈറ്റ് ലോഞ്ച് വെഹിക്കിളിന്റേയും , ബാലിസ്റ്റിക് മിസ്സൈലിന്റേയും വികസനത്തിനും ഏകോപനത്തിനും മറ്റും അബ്ദുൽ കലാം വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. മിസ്സൈൽ സാങ്കേതിക വിദ്യയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ കണക്കിലെടുത്ത് ' ഇന്ത്യയുടെ മിസ്സൈൽ മനുഷ്യൻ ' എന്ന് കലാമിനെവിശേഷിപ്പിക്കാറുണ്ട്.പ്രൊക്രാൻ അണ്വായുധ പരീക്ഷണത്തിനുപിന്നിൽസാങ്കേതികമായും,ഭരണപരമായുംകലാംസുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

2002-ൽ അന്നത്തെ ഭരണകക്ഷിയായിരുന്ന ഭാരതീയ ജനത പാർട്ടിയുടേയും പ്രധാന പ്രതിപക്ഷ കക്ഷിയായിരുന്ന ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ്സ് (ഐ) യുടെയും പിന്തുണയോടെ ഇദ്ദേഹം രാഷ്ട്രപതി സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ ജനകീയതയാൽ "ജനങ്ങളുടെ രാഷ്ട്രപതി " എന്ന പേരിൽ പ്രശസ്തനായ അദ്ദേഹം 2007 ജൂലൈ 25-നു സ്ഥാനമൊഴിഞ്ഞു. ശേഷം അദ്ദേഹത്തിന്റെ ഇഷ്ടമേഖലകളായ അദ്ധ്യാപനം , എഴുത്ത് , പ്രഭാഷണം , പൊതുജനസേവനം തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

2015 ജൂലൈ 27 ന് ഷില്ലോംഗിൽ വച്ച് കലാം അന്തരിച്ചു. ഷില്ലോംഗിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ വച്ച് 'വാസയോഗ്യമായ ഗ്രഹങ്ങൾ' എന്ന വിഷയത്തിന്റെ പേരിൽ കുട്ടികൾക്ക് ക്ലാസ്സ് എടുത്തുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നുണ്ടായ ഹൃദയാഘാതത്തെ തുടർന്ന് അദ്ദേഹം കുഴഞ്ഞുവീണു .അവിടെ വച്ചുതന്നെ അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു. തുടർന്ന് ജന്മനാടായ രാമേശ്വരത്ത് പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ സംസ്കരിച്ചു

ദിൽന ഇല്യാസ് 10 C



## അമ്മ

അതിരാവിലെ സൂര്യൻ മലകൾക്കു മുകളിലൂടെ തലപൊക്കുവാൻ തുടങ്ങി. പ്രഭാതത്തെ വരവേൽക്കുവാൻ രാവിലെ പൂവൻ കോഴിയുടെ പാട്ട് തുടങ്ങി. അപ്പോഴാണ് കിട്ടുവിന്റെ അമ്മ സുമതിയുടെ വിളി. അവൻ കിടക്കയിൽ നിന്ന് എഴുന്നേറ്റു അടുക്കളയിൽ പോയി ഒരു ഗ്ലാസ് ചായ എടുത്ത് വീടിന്റെ ഉമ്മറത്ത് പോയി പുതിയൊരു പ്രഭാതത്തിലേക്ക് എടുത്തു ചാടുന്ന സൂര്യനെ നോക്കിയിരിക്കുന്നു.പറമ്പിലെ തൊട്ടാവാടിയിൽ നിന്നും വെള്ളം ഇറ്റിറ്റു വീണുകൊണ്ടേയിരുന്നു. പാതിരാമഴയിൽ കുളിച്ചുസുന്ദരിയായി നിൽക്കുന്ന പ്രകൃതിയെ നോക്കി കിട്ടു ചായ കുടിച്ചു . ചായ കുടിച്ച് കഴിഞ്ഞ് അവൻ അച്ഛന്റെ കൃഷിസ്ഥലത്ത് പോയി നനഞ്ഞ വരമ്പിൽ സൂര്യൻ വെയിൽ മെത്ത വിരിച്ചുകിടക്കുന്നു. വിളഞ്ഞ കതിരുകളിൽ വെയിൽ തലോടികൊണ്ടേയിരുന്നു. അവൻ വരമ്പിൽക്കൂടി നടന്നു . എങ്ങും ശാന്തം .എവിടെയും ചീവീടുകളുടെ മൂളൽ മാത്രം. അവൻ ആ വിശാലമായ വരമ്പിൽ കൂടി നടന്നു. നനഞ്ഞ പാതയ്ക്ക് നല്ല തണുപ്പുണ്ടായിരുന്നു.



കുയിലുകളുടെയും മറ്റും പാട്ട് അവനെ അവിടേക്ക് ആനയിക്കുന്നത് പോലെ തോന്നി. സൂര്യകാന്തികൾ പ്രണയത്തോടെ സൂര്യനെ നോക്കി നിൽക്കുന്നുണ്ട്. സമയം എട്ടിൽ നിന്ന് ഒൻപതിനെ ചുംബിക്കുവാൻ എത്തി.സൂര്യൻ രാവിലത്തെ വെയിലിന്റെ ഇളംചൂട് പകരുവാൻ തുടങ്ങി. ഇലകളിൽ നിന്നും മറ്റും വീഴുന്ന മഴത്തുള്ളികളിൽ സൂര്യന്റെ പ്രകാശം തിളങ്ങി. എട്ടുകാലിവലകൾ ഇളംകാറ്റിലാടി. അണ്ണാൻ കുഞ്ഞ് ഒരു മരത്തിൽ നിന്ന് മറ്റൊരു മരത്തിലേക്ക് ചാടിക്കളിക്കുന്നു.ഇതെല്ലാം കണ്ട്കൊണ്ട് കിട്ടു വീട്ടിലേക്ക് പോയി.

കിട്ടു അവന്റെ സ്കൂളിലേക്ക് പോകുവാനുള്ള ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. കുളിച്ചു ഷർട്ടും പാന്റും തേച്ചുവച്ചു.അത് അണിഞ്ഞു. എന്നിട്ട് അടുക്കളയിലേക്ക് വിളിച്ചു.അമ്മേ...കഴിക്കാൻ താ....അവൻ വിളിച്ച് പറഞ്ഞു. ദാ വരുന്നു മോനേ.. ദോശയും ചമ്മന്തിയും ഒരു പ്ലേറ്റിൽ എടുത്തുകൊണ്ട് അവന്റെ അമ്മ വിളിച്ചുപറഞ്ഞു. കഴിച്ച് കഴിഞ്ഞ് കിട്ടു ക്ലോക്കിലേക്ക് നോക്കി.സമയം ഒൻപതര ആകുവാൻ പോകുന്നതേയുള്ളൂ.ഉണ്ണികുട്ടി വരട്ടേ അതുവരെ ഉമ്മറത്തിരിക്കാം.

പ്രകൃതിയുടെ വശ്യസുന്ദരമായ സൗന്ദര്യത്തെ നോക്കി കിട്ടു ഉമ്മറത്തിരുന്നു.അധികം വൈകാതെ തന്നെ ഉണ്ണി വന്നു.കിട്ടു...വാ പോകണ്ടേ....?ഉണ്ണി ചോദിച്ചു...ആ ഞാൻ നിന്നെയും കാത്തിരിക്കുവായിരുന്നു. വാ...പോകാം കിട്ടു പറഞ്ഞു. അങ്ങനെ അവർ രണ്ടുപേരും കൂടി നാട്ടിലെ നനഞ്ഞ വരമ്പിൽ കൂടി,നാട്ടു പച്ചയെ ഉണർത്തുന്ന ഇടവഴികളിൽ കൂടി സ്കൂളിലേക്ക് നടന്നു. അവിടെയെത്തിയപ്പോഴേക്കും സ്കൂളിലെ ബെൽ മുഴങ്ങിക്കഴിഞ്ഞിരുന്നു.ടിങ്...ടിങ്...ടിങ്...അവർ അവരുടെ ക്ലാസ്സ് ലക്ഷ്യമാക്കി ഓടി .ഒരു വലിയ മുറി.മരം കൊണ്ട് ഉണ്ടാക്കിയ പന്ത്രണ്ട് ഡസ്കും ബഞ്ചും.ഒരാൾക്ക് നടക്കുവാൻ പോന്ന വീതിയിൽ അത് രണ്ടായി ഭാഗിച്ച് നടുക്ക് കുറച്ച് സ്ഥലം വിട്ടിരിക്കുന്നു.ഭിത്തികളിൽ കുറേ എഴുത്തും വരകളും ഒട്ടിച്ച് വെച്ചിരിക്കുന്നു.

കിട്ടുവും ഉണ്ണിയും നാലാമത്തെ ബഞ്ച് ലക്ഷ്യമാക്കി നടന്നു. അവിടെ ബാഗ് ഇരുവരും വച്ചു. എന്നിട്ട് ക്ലാസ്സിന്റെ പുറത്തേക്കിറങ്ങി. അപ്പോഴേക്കും ക്ലാസ്സ് അദ്ധ്യാപികയായ പൗർണ്ണമി ടീച്ചർ വന്നിരുന്നു. ..എങ്ങോട്ടാ രണ്ട്പേരും ടീച്ചർ ഗൗരവത്തോടെ ചോദിച്ചു. ടോയ് ലറ്റ് വരെ പോകുവാ ടീച്ചർ അവർ പറഞ്ഞു...ശരി..

വാ...വാ...

കിട്ടു ചെറിയ ശബ്ദത്തിൽ പറഞ്ഞു.

അവർ ക്ലാസ്സിലെത്തി സീറ്റിൽ കയറി ഇരുന്നു ടീച്ചർ ഹാജർ വിളിച്ചു കഴിഞ്ഞു പഠിപ്പിക്കാൻ തുടങ്ങുകയാണ്.പെട്ടെന്ന് കിട്ടുവിന് എന്തോ നെഞ്ച് വേദന പോലെ തോന്നി മൂക്കിൽ നിന്ന് ചോര വാർന്നൊഴുകുവാൻ തുടങ്ങി കിട്ടു ബോധം കെട്ട് വീണു.

ഉണ്ണിയും എല്ലാവരും കിട്ടുവിന്റെ അടുക്കലേക്ക് ഓടിയെത്തി.ടീച്ചർ ഓടിപ്പോയി ഓഫീസിൽ നിന്ന് അഘിലേഷ് സാറിനെ വിളിച്ചു കൊണ്ട് വന്നു. അഘിലേഷ് സാർ കിട്ടുവിനെ വാരിയെടുത്ത് കാറിൽ കയറ്റി ജനറൽ ഹോസ്പിറ്റൽ ലക്ഷ്യമാക്കി വണ്ടി കുതിച്ചു.ഹോസ്പിറ്റലെത്തി സിസ്റ്റർമാർ ഓടിവന്ന് അവനെ എടുത്ത് ഐ.സി.യു വിൽ കയറ്റി. ഡോക്ടറും സിസ്റ്റർമാരുമെല്ലാം മാറി മാറി അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നു. കുറച്ച കഴിഞ്ഞപ്പോൾ ഐ.സി.യുവിൽ നിന്ന് ഡോക്ടർ പുറത്തേക്ക് ഇറങ്ങി. സാർ ചോദിച്ചു ഡോക്ടർ കിട്ടുവിന് എങ്ങനെയുണ്ട്?

ഡോക്ടർ പറഞ്ഞു...അയാം സോറി. കിട്ടുവിന്റെ ഒരു കിഡ്ണി ഡാമേജിലാണ്. ബട്ട് ഹൗ എന്ന് എനിക്കറിയില്ല. ഡോക്ടർ പറഞ്ഞു അവന്റെ കൗണ്ട് ഡൗൺ തുടങ്ങിക്കഴിഞ്ഞു .ഇനി അവൻ രക്ഷപ്പെടാൻ എന്തെങ്കിലും മിറാക്കിൾ സംഭവിക്കണം.

അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു .അദ്ദേഹം അവന്റെ മാതാപിതാക്കളെ വിളിച്ചുപറഞ്ഞു .അവർ ആശുപത്രിയിൽ എത്തി .അവന്റെ അമ്മ ഐ.സി.യുവിൽ വാതിൽക്കൽ നിന്ന് അവനെ ഓർത്ത് കരഞ്ഞു.കിട്ടുവിനെ ഐ.സി.യുവിൽ നിന്ന് റൂമിലേക്ക് പ്രവേശിപ്പിക്കാൻ പോവുകയാണ്.കരഞ്ഞുകലങ്ങിയ കണ്ണുകളുമായി എല്ലാരും അവനെ കാത്ത് നിൽക്കുന്നുണ്ടായിരുന്നു.വീൽചെയറിൽ അവനെ റൂമിലേക്ക് കൊണ്ടു പോയി.റൂതെത്തി വീൽചെയറിൽ നിന്ന് അവനെയെടുത്ത് ബഡ്ഡിൽ കിടത്തി എല്ലാവരും നിറഞ്ഞ കണ്ണുകളോടെ കിട്ടുവിനെ നോക്കുകയാണ് സമയം മൂന്നിൽ നിന്ന് നാലിലേക്ക് എടുത്ത്ചാടുവാൻ പോകുന്നു. കിട്ടു ചായ കുടിക്കുകയാണ്. പെട്ടെന്ന് ഒരു സിസ്റ്റർ അവന്റെ റൂമിലേക്ക് വന്നിട്ട് പറഞ്ഞു, കിട്ടുവിന്റെ മാതാപിതാക്കളെ ഡോക്ടർ വിളിക്കുന്നു.

അവർ ഡോകടറുടെ റൂമിലേക്ക് ചെന്നു. ഡോകടർ അവരെ റൂമിലേക്ക് കയറ്റി ഇരുത്തി . എന്നിട്ട് പറഞ്ഞു...ലുക്ക് കിട്ടുവിന്റെ രണ്ടാമത്തെ കിഡ്ണിയും ഫേല്യർ ആവുകയാണ് .ഉടനെ എന്തെങ്കിലും വഴി കണ്ടെത്തണം. കിട്ടുവിന്റെ ബ്ലഡ് എബി നെഗറ്റിവ് ആണ്.ആ ഗ്രൂപ്പുള്ള ഒരു കിഡ്ണിയുണ്ടെങ്കിൽ മാത്രമേ .... അവർ എഴുന്നേറ്റു അവരുടെ മനസ്സിൽ എന്തോ കല്ല് വീഴുന്നത് പോലെ തോന്നി. അവർ ഇറങ്ങി എന്നിട്ട് അന്വേഷണം തുടങ്ങി. കണ്ടയിടത്താകെ ആളുകളെ തേടി.പെട്ടന്ന് അവന്റെ അമ്മയ്ക്ക് മനസ്സിൽ കത്തി.അമ്മ പറഞ്ഞു ചേട്ടാ എന്റെ കൂടെ ലബോറട്ടറി വരെ ഒന്ന് വരുമോ അവർ ലബോറട്ടറി എത്തി അമ്മ സുമതിയുടെ ബ്ലഡ് ചെക് ചെയ്തു.

അവരുടെയും കിട്ടുവിന്റെയും ബ്ലഡ് ഒരേ ഗ്രൂപ്പ് തന്നെയാണ്. അവർ ഡോക്ടറുടെയടുത്തേക്ക് ഓടിച്ചെന്നു. എന്നിട്ട് പറഞ്ഞു ഡോക്ടർ സർജറിക്ക് ആൾ റെഡിയാണ് .ഡോണർ ആരാണ് ? ഞാൻ തന്നെ.

അവന്റെ അമ്മ പറഞ്ഞു അങ്ങനെ സർജറി വിജയിച്ചു. കിട്ടു പുതിയൊരു ജീവിതത്തിലേക്ക് വന്നു. കിട്ടു കണ്ണ് തുറന്നു നോക്കി അടുത്ത് ഡോക്ടർ നിൽക്കുന്നുണ്ട് . കിട്ടു നിനക്ക് പുതിയൊരു ജീവിതം നിന്റെ അമ്മ നൽകിയിരിക്കുന്നു. ഡോക്ടർ പറഞ്ഞു കിട്ടു അവന്റെ അമ്മയെ നോക്കി അവൻ കിടക്കുന്ന കട്ടിലിന്റെ തൊട്ടുചേർന്ന് കിടക്കുന്ന കട്ടിലിൽ അമ്മ കിടക്കുകയാണ് .അവൻ അമ്മയുടെ കൈകളിൽ പിടിച്ചു .അവന്റെ കണ്ണുകൾ നിറഞ്ഞു. അവൻ മനസ്സിൽ പറഞ്ഞു "അമ്മയ്ക്ക് പകരം അമ്മ മാത്രം.



മാഹിൻഷാ ദിലീപ് 8 എ

**അറിവായ് നിറവായ്**



“ലോകം എന്നെപ്പറ്റി എന്തു കരുതുന്നു എന്നെനിക്കറിയില്ല.പക്ഷേ,എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ഒരു കൊച്ചു കുട്ടിയാണ് ; അനന്തവിസ്തൃതമായ പ്രപഞ്ചമണൽപ്പുറത്ത് മണലു വാരിക്കളിക്കുന്ന ഒരു കൊച്ചുകുട്ടി. അൽപ്പം വെളുത്ത ഒരു വെള്ളാരങ്കല്ലോ ഭംഗിയാർന്ന ഒരു കക്കത്തോടോ കാണുമ്പോൾ എന്റെ ശ്രദ്ധ അങ്ങോട്ട് തിരിയും. പക്ഷേ,സത്യത്തിന്റെ മഹാസാഗരം എന്റെ കൈപ്പിടിയിലൊതുങ്ങാതെ അജ്ഞ്യമായിത്തന്നെ നിലകൊള്ളുകയാണ്".

-സർ ഐസക് ന്യൂട്ടൺ

സമ്പാദക -ഇർഫാന എസ് -9 ബി.



## ആദരാഞ്ജലികൾ



ശ്രീ കെ കെ സുകുമാരൻ
മുൻ പ്രധാനാദ്ധ്യാപകൻ
( റ്റി റ്റി വി എച്ച് എസ് എസ്)

## എഡ്യൂസാറ്റ്

ഇത് വികസനത്തിന്റെ യുഗമാണ്.അതു കൊണ്ട് തന്നെ വികസനത്തിന്റേതായ മുദ്രകൾ എല്ലാ മേഘലകളിലും ദൃശ്യവുമാണ്. ഏതൊരു സാധാരണ വ്യക്തിയുടെയും രൂപഭാവത്തിലും ജീവിത സൗകര്യങ്ങളിലും തെളിഞ്ഞു കാണുന്ന വ്യത്യസ്തത അനുദിനം ലോകം മാറികൊണ്ടിരിക്കുന്നുവെന്നതിനു തെളിവാണ് .

സാംസ്കാരിക സാമൂഹികോന്നമനത്തിൽ വിദ്യാഭ്യാസമെന്നതിന് വളരെയേറെ പങ്കുണ്ട് .ഇന്നത്തെ ബാലകരാണ് നാളത്തെ യുവജനങ്ങൾ എന്നതിനാൽ അവരുടെ വിദ്യാഭ്യാസമെന്നത് ഒഴിവാക്കാനാകാത്തൊരു ഘടകമാണ്.വിദ്യാഭ്യാസ രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ തീർത്തും പ്രശംസനീയമാണ്.ക്ലാസ്സ് മുറിയുടെ നാലുചുവരുകൾക്കുള്ളിൽ ഒതുങ്ങുന്നതല്ല ഇന്നത്തെ വിദ്യാഭ്യാസം. അറിവ് നുകരുന്ന കുരുന്നുകളെ പുസ്തകത്തിനുള്ളിൽ അച്ചടിച്ചിരിക്കുന്ന അക്ഷരങ്ങളിൽ കുരുക്കിയിടാതെ അനന്തമായ അറിവിന്റെ വിഹായസ്സിലേക്ക് നയിക്കുവാൻ ഇന്നത്തെ വിദ്യാഭ്യാസരീതിക്ക് സാധിക്കും.




ഇതിനൊരു മുതൽക്കൂട്ടാണ് ഭാരതം വിക്ഷേപിച്ച എഡ്യൂസാറ്റ് എന്ന സമ്പൂർണ്ണ വിദ്യാഭ്യാസ ഉപഗ്രഹം.കമ്പ്യൂട്ടർവൽകൃതമായ പഠനപദ്ധതികളിൽ .ഇന്ന് വളരെയേറെ മുന്നിൽ നിൽക്കുന്ന ഈ സമൂഹത്തിൽ എഡ്യൂസാറ്റിന്റെ പ്രാധാന്യം എടുത്തു പറയേണ്ടതാണ്. "ഏവർക്കും വിദ്യാഭ്യാസം" എന്നലക്ഷ്യത്തിലേയ്ക്ക് എത്തുന്ന രാജ്യമാണ് നമ്മുടേത്.ആ സ്വപ്ന സാക്ഷാത്കാരമാണ് എഡ്യൂസാറ്റ്. 13 മണിക്കൂർ, 25 മിനിറ്റ് കൊണ്ട് ഭൂമിയെ വലം വെച്ച് വരുന്ന ഇതിന്റെ ഭാരം1950 kg. 2004 സെപ്റ്റംബർ മാസം എഡ്യൂസാറ്റ് ശ്രീഹരിക്കോട്ടയിൽ നിന്നാണ് വിക്ഷേപിച്ചത്.

നൗറിൻ ഷിഹാബ് -

8 ബി



# കലാംമൊഴികൾ



ഒരു വിദ്യാർത്ഥിയുടെ ഏറ്റവും പ്രധാന സ്വഭാവസവിശേഷത ചോദ്യം ചോദിക്കാനുള്ള ആർജ്ജവമാണ്
വിദ്യാർത്ഥികൾ എപ്പോഴും ചോദ്യങ്ങൾ ചോദിക്കണം.


സ്വപ്നങ്ങൾ ഉറങ്ങുമ്പോൾ കാണുന്നവയല്ല ഉറങ്ങാൻ അനുവദിക്കാത്തവയാണ് സ്വപ്നങ്ങൾ

ഒരു രാജ്യം അഴിമതി രഹിതവും നല്ല മനസസുള്ളവരുടേതുമാക്കാൻ മൂന്ന് നിർണ്ണായക വ്യകതിത്വങ്ങൾക്ക് വലിയ പങ്ക് വഹിക്കാനുണ്ട് .അച്ഛനും അമ്മയും അധ്യാപകനുമാണവർ.

ജീവിതത്തിൽ ബുദ്ധിമുട്ടും കഷ്ടപ്പാടും വേണം എന്നാലേ വിജയം നേടുമ്പോൾ ആസ്വദിക്കാനാകൂ.

ഒരിക്കലും തോറ്റ്കൊടുക്കരുത് ,ഒരു പ്രശ്നവും നമ്മേ തോൽപ്പിക്കാൻ അനുവദിക്കരുത്.

ഹഫീഫ തസ്നിം
10 സി



# കുഞ്ഞുണ്ണിക്കവിതകൾ

പരത്തിപ്പറഞ്ഞാൽ പർപ്പടകം
ഒതുക്കിപ്പറഞ്ഞാൽ പപ്പടം
വേഗം പറഞ്ഞാൽ പപ്പടം
അത് ചുട്ടെടുത്തൊന്നമർത്തിയാൽ പ്ടം


ചെറുചിരിപുഞ്ചിരി പൊട്ടിച്ചിരിയോടു
പടക്കം പൂത്തിരി മത്താപ്പൂവൊടു
പപ്പടവും പഴമുപ്പേരിയോടും
കൊതിയുണ്ടായാലെന്താമ്മേ



ചോറു വിളമ്പുക
പിന്നീടാട്ടെ കൂട്ടാൻ
എന്നുപറഞ്ഞതൊരു വിദ്വാനാദ്യം
കൂട്ടാൻ വാരിതിന്നു
അയാൾക്ക് പിന്നെ പച്ചച്ചോറുണ്ണേണ്ടിയും വന്നു

ചൂടുചായ കുടിച്ചീടിൽ
കോപച്ചൂടാറുമൊട്ടുടൻ

കൊള്ളിക്കിഴങ്ങിൽ മൊളൂഷ്യംപോൽ
മന്ദനായ് മറ്റൊരു കൂട്ടാനമില്ല മന്നിൽ.


സമ്പാദക - ഫർഹത്ത് കരിം 10 സി

# കൃഷി എന്ന സംസ്കാരം

കൃഷിയിൽ നിന്നാണ് സംസ്കാരം ഉണ്ടായത് മനുഷ്യവർഗം ഒരുമിച്ച് ജീവിക്കാനും സംസ്കാരത്തിലേക്കു വളരാനും കാരണം കൃഷിയാണെന്ന് ചരിത്രം രേഖപ്പെടുത്തുന്ന പുരാതന നദീതട സംസ്കാരങ്ങളെല്ലാം ഈ സത്യമാണ് വിളിച്ച് പറയുന്നത് . കൃഷിയും മണ്ണുമായുള്ള ബന്ധമാണ് സംസ്കാര-ത്തിന്റെ അടിസ്ഥാനം. കൃഷിയിൽനിന്ന് അകന്നുപോകുമ്പോൾ നാം തനിമയാർന്ന സംസ്കാരത്തിൽ നിന്നാണ് അകന്നുപോകുന്നത്.സാങ്കേതികവിദ്യകൾ പുതിയ സംസ്കാരം സൃഷ്ടിക്കുന്ന നവീനയുഗത്തിൽ കൃഷിയിൽ നിന്ന് നാം പിൻമാറിക്കൊണ്ടിരിക്കുകയാണ്. ഈ പിൻമാറ്റം അഭികാമ്യമല്ലാത്ത ഒരു സംസ്കാ-രത്തിന്റെ പിറവിയ്ക്ക് ഹേതുവാകുന്നു




ഭാരതത്തിലെ ഭൂരിഭാഗമാളുകളും കൃഷിയുമായി ബന്ധപ്പെട്ടാണ് ജീവിക്കുന്നത് .

മണ്ണുമായി കൃഷിക്കാരനുള്ളത് ആത്മബന്ധമാണ്. കച്ചവടസംസ്കാരത്തിന്റെ പുത്തൻ വേലിയേറ്റങ്ങൾ കാർഷികസംസ്കാരത്തെ കാർന്നുതിന്നുകയാണ്. ലാഭം മാത്രം ലക്ഷ്യമാക്കി മുന്നേറുന്ന വിപണി എല്ലാത്തിനേയും വിൽപ്പനച്ചരക്കാക്കിയിരിക്കുന്നു. കൃഷി ലാഭം നേടാനുള്ള പ്രവൃത്തി മാത്രമായി മാറുന്നു. അപ്പോൾ കൃഷിയെക്കുറിച്ചുള്ള പരമ്പരാഗത ധാരണകൾ മാറിമറിയുന്നു . കൃഷി ആത്മസാക്ഷാത്കാരവും സംസ്കാരവും എന്ന നിലയിൽ നിന്ന് തൊഴിൽ മാത്രമായി കാണുമ്പോൾ കൃഷിയുടെ പവിത്രത നഷ്ടപ്പെടുന്നു. അതുകൊണ്ടുതന്നെ നമ്മുടെ സംസ്കാരത്തിന് ക്ഷതം സംഭവിക്കുന്നു. ഏതു വിഷവും പ്രയോഗിച്ചു ലാഭം




കൊയ്യാൻ ശ്രമിക്കുന്ന പുതിയ സംസ്കാരം രൂപം കൊള്ളുന്നു.മണ്ണും വെള്ളവും വായുവും മലിനമാക്കി മനുഷ്യരെ

നിത്യരോഗികളാക്കുന്ന കൃഷിരീതികളിലേക്ക് നാം നിപതിക്കുന്നതിന് കാരണമിതാണ് .നമ്മുടെ സംസ്കാരത്തിന്റെ തനിമ തിരിച്ചുപിടിക്കാൻ കൃഷിയിലേക്ക് മടങ്ങേണ്ടിയിരിക്കുന്നു.മണ്ണും മനുഷ്യനും ചേർന്നു നിൽക്കുമ്പോൾ സംസ്കാരം പൂവണിയും .



ഫാത്തിമ ആസിഫ് -9 ബി


## ഗാന്ധി വചനങ്ങൾ



* പാപത്തെ വെറുക്കുക പാപിയെ സനേഹിക്കുക.
* കണ്ണിന് കണ്ണ് എന്നാണെങ്കിൽ ലോകം അന്ധതയിലാണ്ടുപോകും.
* ഇന്നു ചെയ്യുന്ന പ്രവൃത്തിയെ ആശ്രയിച്ചിരിക്കും നമ്മുടെ ഭാവി.
* സത്യം ദൈവമാണ്.
* ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ.
* കോപം അഗ്നി പോലെയാണ്,നാശം ഉണ്ടാക്കിയേ അത് അടങ്ങൂ.
* സത്യം വെറുമൊരു വാക്കല്ല.ജീവിതം മുഴുവൻ സത്യമാക്കി തീർക്കണം.
* പ്രാർത്ഥനാനിരതനായ ഒരു മനുഷ്യൻ തന്നോട് തന്നെയും ലോകത്തോടും സമാധാനം പുലർത്തും.
* സത്യം ആണ് എന്റെ ദൈവം. ഞാൻ ആ ദൈവത്തെ കണ്ടെത്തിയിട്ടില്ല. എന്നാൽ ഞാൻ അന്വേഷിച്ചു കൊണ്ടേയിരിക്കുന്നു.
* പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക.

സമ്പാദക -ഫാത്തിമമോൾ റ്റി എസ്

10 സി



## ചാർളി

## ചാപ്ലിന്റെ ജീവിതം

ലോകത്തിന്റെ നെറുകയിൽ സർവ്വകാല പ്രസക്തമായ അഭിനയചാതുര്യവും ഹാസ്യവും ആക്ഷേപ


ഹാസ്യവും സെല്ലുലോയിഡിലൂടെ അടയാളപ്പെടുത്തിയ നമ്മുടെ പ്രിയപ്പെട്ട ചാർളി ചാപ്ലിൻ "എനിക്ക് മഴയത്ത് നടക്കാൻ ഇഷ്ടമാണ്, അപ്പോൾ മറ്റുള്ളവർ എന്റെ കണ്ണ്നീർ കാണുകയില്ലല്ലോ."

അമ്മയുടെ നാടകാഭിനയത്തിലെ ചില്ലിക്കാശുകൊണ്ടായിരുന്നു ചാർളിയും നാലു വയസ്സ് മൂപ്പുള്ള സിഡ്നിയും കഴിഞ്ഞു കൂടിയത്. അച്ഛൻ നേരത്തെ ഉപേക്ഷിച്ചുപോയി. കൊടിയ പട്ടിണിയുടെ നീണ്ട നാളുകൾ . ചാർളിയുടെ ആത്മകഥയിൽ നിന്ന്:



'സാധാരണ നിലവാരം വച്ച് ഞങ്ങളുടെ കുടുംബത്തിന്റെ സദാചാരം അളക്കുന്നത് തെർമോമീറ്റർ തിളച്ച വെള്ളത്തിലിടുന്നതു പോലെ അബദ്ധമായിരിക്കും. ഇത്തരം പ്രശ്നങ്ങൾ മൂലമായിരിക്കാം. ചെരുപ്പുകുത്തിയുടെ മനോഹാരികളായ രണ്ട് പെൺമക്കളും (ഒരാൾ ചാർളിയുടെ അമ്മ) താമസിക്കാതെ വീടുവിട്ട് നാടകത്തിലേക്ക് നീങ്ങിയത്. ചാർളിയുടെ അമ്മയ്ക്ക് സ്റ്റേജിൽ വച്ച് ശബ്ദം ഇടറിയപ്പോൾ - കാണികൾ അലറിവിളിച്ചു .അപ്പോൾ തമാശകൾ കാണിക്കാൻ മാനേജർ അഞ്ചു വയസ്സുള്ള ചാർളിയെ വേദിയിലേക്ക് ആനയിച്ചു . ചാർളിയുടെ ആദ്യത്തെ അരങ്ങേറ്റം.

ബഹളത്തിനിടയിൽ മാനേജർ എന്റെ കൈപിടിച്ചു കൊണ്ട് സ്റ്റേജിലേക്ക് നയിച്ചത് ഞാനോർക്കുന്നു ."



ഹസ്ന റ്റി എ 10 സി

# തകഴി ശിവശങ്കരപ്പിള്ള

(1912-1999)

1912-ൽ ആലപ്പുഴ ജില്ലയിലെ തകഴിയിൽ ജനിച്ചു.മലയാളത്തിലെ പ്രസിദ്ധ നോവലിസ്റ്റും കഥാകൃത്തുമാണ്.സമൂഹത്തിൽ താഴേക്കിടയിലുള്ളവരുടെ ജീവിതം പച്ചയായി ആവിഷ്കരിച്ച എഴുത്തുകാരിൽ പ്രമുഖൻ.അദ്ദേഹത്തിന്റെ പല നോവലുകളും ചലച്ചിത്രമായിട്ടുണ്ട്.ചെമ്മീൻ എന്ന നോവൽ ഇന്ത്യയിലെയും വിദേശത്തെയും ഒട്ടുമിക്ക ഭാഷകളിലേക്കും തർജിമ ചെയ്തിരിക്കുന്നു.കയർ,ചെമ്മീൻ,രണ്ടിടങ്ങഴി, ഏണിപ്പടികൾ,തോട്ടിയുടെ മകൻ,ചുക്ക്,തെണ്ടിവർഗ്ഗം,അഞ്ചു പെണ്ണുങ്ങൾ,നുരയും പതയും,പെണ്ണ്, ബലൂണുകൾ,ആകാശം,അനുഭവങ്ങൾ പാളിച്ചകൾ തുടങ്ങി 34 ഓളം നോവലുകൾ ആണ് അദ്ദഹത്തിന്റെ പ്രധാന കൃതികൾ.അടിയൊഴുക്കുകൾ,ഒരു കുട്ടനാടൻ കഥ,നിത്യകന്യക,ഇങ്ക്വിലാബ്,ഘോഷയാത്ര,പ്രതിജ്ഞ, ചരിത്രസത്യങ്ങൾ,ഞാൻ പിറന്ന നാട് തുടങ്ങി 17 ഓളം കഥാ സമാഹാരങ്ങൾ. അമേരിക്കൻ തിരശ്ശീലയാണ് യാത്രാവിവരണം. എന്റെ വക്കീൽ ജീവിതം ,ഓർമ്മയുടെ തീരങ്ങൾ എന്നിവയാണ്



ആത്മകഥൾ. ജ്ഞാനപീഠം, കേന്ദ്ര-കേരളാ സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, പത്മഭൂഷൺ ബഹുമതികൾ ലഭിച്ചു.1999-ൽ അദ്ദേഹം അന്തരിച്ചു.

ഫാത്തിമ ആസിഫ് 9 - ബി



## തിരുവാതിര



കേരളത്തിലെ വനിതകളുടെ തനതായ സംഘനൃത്തമാണ് .തിരുവാതിരകളി .മതപരമായ ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായും അല്ലാതെയും അവതരിപ്പിക്കപ്പെടുന്ന ഈ നൃത്തം വനിതകൾ ചെറിയ സംഘങ്ങളായാണ് അവതരിപ്പിക്കുന്നത്. പൊതുവെ ഓണത്തിനും ധനുമാസത്തിലെ തിരുവാതിരനാളിൽ ശിവക്ഷേത്രങ്ങളിലും മറ്റും ശിവപാർവതിമാരെ സ്തുതിച്ച് പാടിക്കൊണ്ടും സ്ത്രീകൾ ഈ കലാരൂപം അവതരിപ്പിക്കാറുണ്ട് . പ്രത്യേകിച്ചും തിരുവാതിര വ്രതമെടുക്കുന്ന സ്ത്രീകൾക്ക് ഒഴിച്ച് കൂടാനാകാത്ത ഒന്നായി തിരുവാതിരകളിയെ കണക്കാക്കാറുണ്ട് .ചെറിയ വ്യത്യാസങ്ങളോടെയാണെങ്കിലും കൈകൊട്ടിക്കളി കുമ്മികളി എന്നീ പേരുകളിലും ഈ കലാരൂപം അറിയപ്പെടുന്നു. സുദീർഘവും മംഗളകരവുമായ ദാമ്പത്യജീവിതവും ഇഷ്ടവിവാഹവും പ്രദാനം ചെയ്യുന്ന ഒന്നാണ് ഈ നൃത്തം എന്നാണ് കരുതുന്നത് . തിരുവാതിര നാളിൽ രാത്രിയാണ് ഈ കളി അവതിപ്പിക്കുന്നത്. പെൺകുട്ടികളുടെ പ്രായപൂർത്തിയായ

ശേഷമുള്ള ആദ്യത്തെ തിരുവാതിരയെ പൂത്തിരുവാതിര എന്നും വിവാഹത്തിന് ശേഷമുള്ള ആദ്യത്തെ തിരുവാതിരയെ പുത്തൻതിരുവാതിര എന്നും പറയുന്നു. ആദ്യ തിരുവാതിരക്കു മുന്നുള്ള മകയിരം നാളിൽതുടങ്ങുന്ന എട്ടങ്ങാടി എന്ന പ്രത്യേക പഥ്യ ഭക്ഷണത്തോടെയാണ് പരിപാടികൾ ആരംഭിക്കുന്നത്.ഇതാണ്തിരുവാതിര എന്ന് പേര് വരാനുള്ള കാരണം .



*ബിസ്മി റഷീദ്-9 എ*

## പ്രകൃതി സൗന്ദര്യവും കലാസൗന്ദര്യവും



മനുഷ്യൻ പ്രകൃതിയിൽ നിന്നു വിഭിന്നനാണെന്നുള്ള സങ്കൽപ്പമാണ് പ്രകൃതി സൗന്ദര്യവും കലാസൗന്ദര്യവും തമ്മിലുള്ള വിവേചനത്തിനു നിദാനം. പ്രകൃതി എപ്പോഴും മാറി മാറികൊണ്ടിരിക്കുന്നു. അതിന്റെ ഒരോ ഭാവവും ക്ഷണികമാണ്. ഈ ഭാവങ്ങളിൽ ചിലതു നമ്മിൽ സൗന്ദര്യ പ്രതീതി ഉളവാക്കുവാൻ പര്യാപ്തമായിരിക്കാം എന്നിരുന്നാലും അതിനു സ്ഥിരതയില്ല. പ്രകൃതി ഭാവങ്ങളുടെ ക്ഷണികതയെ അപേക്ഷിച്ച് പ്രകൃതിയിൽ കേവലസൗന്ദര്യം അസുലഭമാണ്. ഇന്നാട്ടിലെ ഒരു നദിയുടെ സൗന്ദര്യം നാം ആസ്വദിച്ചുകൊണ്ടിരിക്കുമ്പോൾ ആ നദിയുടെ തീരത്തിരുന്ന് ജലം മലിനമാക്കുന്ന പാപികളുടെ കാഴ്ച നമ്മുടെ ആസ്വാദനത്തിനു വിലങ്ങു തടിയായി നിൽക്കുന്നു. പ്രകൃതി സൗന്ദര്യത്തിന്റെ അനുഭൂതി ഓരോരുത്തർക്കും സ്വകീയമാണ്. അത് അവിടെ തന്നെ അവസാനിക്കുന്നു. പ്രേരകമായ അനുഭൂതി സുന്ദരമായിരിക്കണമെന്നില്ല. നേരെമറിച്ച് കലയിൽ രമണീയ ഭാവത്തിനു സ്ഥിരപ്രതിഷ്ഠ ലഭിക്കുന്നു. ആ ഭാഗത്തിനു മാറ്റം സംഭവിക്കുന്നില്ല. ആസ്വാദകർ വന്നും പോയും കൊണ്ടിരിക്കുന്നു. എന്നാൽ കല നിശ്ചലമായിത്തന്നെ നിലകൊള്ളുന്നു. ആ അർത്ഥത്തിലാണ് കല ശാശ്വതമാണെന്നു പറയുന്നത്. കലയുടെ ഭാവം ചിരസ്ഥായിയാണ്. കലർപ്പില്ലാത്ത സൗന്ദര്യം കലയിലാണ് പ്രായേണ കണ്ടുവരുന്നത്. കല സോദ്ദേശ്യമാണ് ആകസ്മികമല്ല. കലാ സൗന്ദര്യത്തെ പ്രകൃതി സൗന്ദര്യത്തിൽ നിന്ന് വേർതിരിക്കുന്നത് മനുഷ്യന്റെ ചിത്തവൃത്തിയാണ്. കലാ സൗന്ദര്യം ഒരു വക പരസ്യപ്പെടുത്തലാണ്. പ്രക്ഷേപണമില്ലെങ്കിൽ കലയില്ല. കലാ സൗന്ദര്യം പ്രകൃതി സൗന്ദര്യത്തിന്റെ

അനുകരണമല്ല. അതിൽ നൂതനാംശം കലർത്തുന്നു.കലാകാരൻ അനുഭൂതിക്ക്
കൽപ്പിക്കുന്ന മൂല്യമാണ് ഈ നൂതനാംശം.



കടപ്പാട് - എം പി പോൾ

*സമ്പാ - മുഹമ്മദ് റ്റി എസ്-9 എ*

# പ്രകൃതിയുടെ മടിത്തട്ട്



പ്രകൃതി ഭംഗി നിറഞ്ഞ നെല്ലിയാമ്പതി മലനിരകളിലേക്ക് ഞാൻ ഒരു യാത്ര പോയി പാലക്കാടിന്റെ മാത്രമല്ല കേരളത്തിന്റെ മൊത്തം സൗന്ദര്യമാണ് നെല്ലിയാമ്പതി മലനിരകൾ. പാലക്കാട് ജില്ലയിലെ നെൻ മാറയിൽ നിന്ന് നെല്ലിയാമ്പതിലേക്കുള്ള യാത്ര വളരെ മനോഹരവും ആനന്ദകരവുമാണ്.ഹെയർപിൻ വളവുകളോടുകൂടിയ കയറ്റവും ഇറക്കവുമാണ് ഈ യാത്രയെ വളരെ ആനന്ദകരം ആക്കുന്നത് .കേരളത്തിന്റെ ഊട്ടി എന്ന് അറിയപ്പെടുന്ന സ്ഥലമാണ് നെല്ലിയാമ്പതി. കാരണം വളരെ തണുപ്പ് നിറഞ്ഞ പ്രദേശം ആണിത് .വളരെ ഉയരത്തിൽ കോടമഞ്ഞ്പുതച്ച മലനിരകൾ രാജപ്രൗഡിയോടെ തല ഉയർത്തി നിൽക്കുന്ന് ഞാൻ കണ്ടു .

മലനിരകളിലെ പച്ചപ്പിനെ മഞ്ഞുമൂടിയപ്പോൾ ആകാശവും ഭൂമിയും ഒന്നായ പോലെയാണ് എനിക്ക് തോന്നിയത് .കേരളത്തിൽ ഓറഞ്ച് തോട്ടമുള്ള ഒരെ ഒരു വിനോദ സഞ്ചാരകേന്ദ്രം കൂടിയാണ് നെല്ലിയാമ്പതി. നെല്ലിയാമ്പതിലേക്കുള്ള യാത്രയിൽ ഇത്തരത്തിലുള്ള നിരവധി സ്വകാര്യ ഓറഞ്ച് തോട്ടങ്ങൾ നമുക്ക് കാണാനാവും. പ്രകൃതി സൗന്ദര്യം ആവോളം ആസ്വദിച്ചുള്ള യാത്ര ഒരിക്കലും മറക്കാൻ ആകാത്തതാണ്. അനേകായിരം പക്ഷികളും വൈവിധ്യമാർന്ന പൂക്കളും ഔഷധസസ്യങ്ങളും നെല്ലിയാമ്പതിയുടെ മറ്റൊരു പ്രത്യകതയാണ്.

ഇവിടെയുള്ള മനോഹരമായ മറ്റൊരു കാഴ്ചയാണ് 100 മീറ്റർ ഉയരത്തിലുള്ള വെള്ളച്ചാട്ടം. ഈ കാഴ്ച്ചയാണ് എന്റെ കണ്ണിനു വളരെ കുളിർമയേകിയത്. ഈ കാഴ്ച്ച എന്റെ മനസ്സിൽ നിന്ന് മായാത്ത ഒരു കാഴ്ച്ചയാണ്. കോടമഞ്ഞ് മലകളെ തഴുകിഒഴുകുന്നത് കാണാൻ നല്ല രസമാണ്. നെല്ലിയാമ്പതിയിലേക്കുള്ള യാത്രയിൽ നിരവധി തേയില തോട്ടങ്ങൾ കാണാൻ കഴിയും. ഏലത്തോട്ടങ്ങളും

കാപ്പിത്തോട്ടങ്ങളും വളരെ മനോഹാരിത നൽകിയിരിക്കുന്നു. ഈ യാത്ര എന്റെ ജീവിതത്തിൽ മറക്കാൻ പറ്റാത്തതും മനസ്സിൽ വളരെ സന്തോഷം നിറച്ച യാത്ര കൂടിയായിരുന്നു.




*റെസ്നി ഫാത്തിമ -9 എ*

# വൈക്കം മുഹമ്മദ് ബഷീർ

1908 ജനവരി 19 -ന് വൈക്കം താലൂക്കിലെ തലയോലപ്പറമ്പിൽ ജനിച്ചു. കായിഅബ്ദു റഹ്മാന്റെയും കുഞ്ഞാച്ചുമ്മയുടെയും മൂത്തമകൻ. തലയോലപ്പറമ്പിൽ മലയാളം സ്കൂളിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും പഠിച്ചു. ഫിഫ്ത് പഠിക്കുമ്പോൾ വീട്ടിൽനിന്ന് ഒളിച്ചോടി. കാൽനടയായി എറണാകുളത്ത് ചെന്ന് കള്ള വണ്ടി കയറി കോഴിക്കോടെത്തി. അവിടെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ചേർന്ന് സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായ ഉപ്പുസത്യാഗ്രഹത്തിൽ പങ്കുകൊണ്ടു. അതിന്റെ പേരിൽ മർദ്ദനത്തിനിരയാവുകയും ജയിൽ ശിക്ഷ അനുഭവിക്കുകയും ചെയ്തു. സ്വാതന്ത്ര്യസമര സേനാനി എന്ന നിലയിൽ മദിരാശി, കോഴിക്കോട്, കോട്ടയം, കൊല്ലം, തിരുവനന്തപുരം ജയിലുകളിൽ തടവിൽ കിടന്നിട്ടുണ്ട് .

ഭഗത് സിംഗ്, രാജഗുരു, ശുകദേവ്- മോഡൽ തീവ്രവാദ സംഘടനയുണ്ടാക്കി പ്രവർത്തിക്കുകയും സംഘടനയുടെ മുഖപത്രമായി 'ഉജ്ജീവനം' എന്നൊരു വാരിക നടത്തുകയും ചെയ്തു . പിന്നീട് വാരിക



കണ്ടുകെട്ടി .'ഉജ്ജീവനം', പ്രകാശം മുതലായ വാരികകളിൽ തീപ്പൊരി ലേഖനങ്ങൾഎഴുതിയിരുന്നു . അന്ന് പ്രഭ എന്ന തൂലികാനാമമാണ് സ്വീകരിച്ചത്.

പത്തു വർഷത്തോളം ഇന്ത്യയൊട്ടാകെ സഞ്ചരിച്ച പിന്നീട് ആഫ്രിക്ക അറേബ്യ തുടങ്ങിയ രാജ്യങ്ങളിലും ഊര് ചുറ്റി . ഈ കാലത്ത് ചെയ്യാത്ത ജോലികളൊന്നുമില്ല. അഞ്ചാറു കൊല്ലം ഹിമാലയ സാനുക്കളിലും ഗംഗാ തീരങ്ങളിലും ഹിന്ദു സന്യാസിയായും സൂഫിയായും കഴിച്ചു കൂട്ടി. ബാല്യകാലസഖി, പാത്തുമ്മായുടെ ആട്, ന്റുപ്പൂപ്പാക്കൊരു ആനേണ്ടാർന്ന് എന്നീ കൃതികൾ ഇന്ത്യയിലെ പ്രധാന ഭാഷകളിലെല്ലാം തർജ്ജമ ചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രസാഹിത്യ അക്കാദമിയും നാഷണൽ ബുക്ക് ട്രസ്റ്റ് ഇന്ത്യയുമാണ് പ്രസാധകർ. കേന്ദ്ര സാഹിത്യ അക്കാദമിയുടെയും കേരള സാഹിത്യ അക്കാദമിയുടെയും ഫെലോഷിപ്പ് കിട്ടിയിട്ടുണ്ട്. സാഹിത്യത്തിനും രാഷ്ട്രീയത്തിനുമായി നാല് താമ്രപത്രങ്ങൾ. പൊന്നാടകളും മെഡലുകളും പ്രശംസകളും വേറെ. സ്വാതന്ത്ര്യസമര സേനാനിക്കുള്ള കേന്ദ്ര സർക്കാരിന്റെയും കേരള സർക്കാരിന്റെയും പെൻഷൻ ലഭിച്ചിരുന്നു .


മതീഹ പി എ -*10* സി



# മതിലുകൾ

സഫ്ന മുഹമ്മദ് 10 -സി





സമൂഹത്തിൽ മനുഷ്യർക്കിടയിൽ അനാവശ്യമായ കാഴ്ച്ചപ്പാടുകൾ കൊണ്ട് ഉയർത്തിയെടുത്ത അകൽച്ചയുടെ മതിലുകൾ നിലനിൽക്കുന്നുണ്ട്.ഭൂതകാലത്തേക്ക് കണ്ണോടിച്ചാൽ ചരിത്രത്തിലും ഇതുതന്നെ കാണാം.ഇതിനിടയിൽ പരസ്പരസ്നേഹം എന്ന മൂല്യം ഇല്ലാതാകുകയാണ്.

അനുഭവങ്ങളിലൂടെയും പുസ്തകങ്ങളിലൂടെയും ചരിത്രത്തെ നമുക്ക് മനസ്സിലാക്കാൻ സാധിക്കും.അതിൽ കാണാൻ കഴിയുന്നത് അന്ന് മനുഷ്യർക്കിടയിലുണ്ടായിരുന്ന മതിലുകൾ വേലികെട്ടുകളല്ല ഉദ്ദേശിക്കുന്നത് പകരം ജാതിമത ഭിന്നിപ്പിനെയാണ്.ഈ ഭിന്നിപ്പുകളെ കൊണ്ട് സ്നേഹത്തിനും സഹോദര്യത്തിനും സ്ഥാനം നൽകാത്ത കേരള സമൂഹത്തെ 'ഭ്രാന്താലയം ' എന്ന് സ്വാമി വിവേകാനന്ദൻ വിശേഷിപ്പിച്ചത് ശ്രദ്ധേയമാണ്.

ആധുനിക സമൂഹം പുരോഗമനങ്ങളുടെ കാലഘട്ടമാണ്.പക്ഷെ മാറ്റപ്പെടേണ്ടതെന്തെന്ന് വെച്ചാൽ അവർക്കിടയിലെ ഭിന്നിപ്പുകളാണ്.പണക്കാരനും പാവപ്പെട്ടവനും എന്ന *വേർതിരിവാണ് ഇന്ന് സമൂഹത്തിലെ മതിൽക്കെട്ടുകൾ. മനുഷ്യൻ മനുഷ്യനെ തിരിച്ചറിയുന്നില്ല. പ്രകൃതിയോട് ചെയ്യുന്ന ക്രൂരതക്ക് മാത്രമല്ല ഭൂമി തിരിച്ചടിക്കുന്നത്.അവൻ അവനോട് തന്നെ കാണിക്കുന്ന ഭിന്നിപ്പിനെതിരെ കൂടിയാണ് . മനുഷ്യർക്കിടയിലെ മതിലുകളെ തകർക്കാൻ പ്രളയത്തിനു കഴിഞ്ഞു.ആ ദിവസം ഉള്ളവനും ഇല്ലാത്തവനും എല്ലാം വിട്ടെറിഞ്ഞ് ഒരേ സ്ഥലത്ത് താമസിച്ചു. ഒരേ ഭക്ഷണം കഴിച്ചു. ഒരേ കിടക്കയിൽ ഉറങ്ങി.ഇങ്ങനെ ജീവിത്തിലെ സംഭവബഹുലമായ നിമിഷങ്ങൾക്കിടയിൽ ജാതിമതത്തിനോ, വർണത്തിനോ, വിദ്യാഭ്യാസത്തിനോ സ്ഥാനമില്ല. മനുഷ്യർക്കിടയിൽ മതിലുകളില്ലാത്ത മനോഹരമായ .കാലഘട്ടമാകട്ടെ നമ്മുടെ സ്വപ്നം*

## മലമ്പുഴ

## അനുഭവ വിവരണം

പാലക്കാട് ജില്ലയിലെ സുന്ദരമായ മലമ്പുഴയിലൂടെ നടത്തിയ യാത്ര സ്വപ്നതുല്യമായ അനുഭവമാണ് സമ്മാനിച്ചത്. പ്രകൃതി ഭംഗി നിറഞ്ഞൊഴുകുന്ന ഒരു സ്ഥലമാണ് മലമ്പുഴ.

മലമ്പുഴ ഡാമും മലമ്പുഴ ഉദ്യാനത്തിലെ പച്ചപ്പനിറഞ്ഞ പുൽത്തകിടികളും പൂക്കളും കുളങ്ങളും വിശ്രമ




സങ്കേതങ്ങളും എല്ലാം മനസ്സിൽ മായാത്ത അനുഭൂതി പകരുന്നു . മലമ്പുഴ ഉദ്യാനത്തോട് ചേർന്നുള്ള ശുദ്ധജലമത്സ്യങ്ങളുടെ പ്രദർ ശനകേന്ദ്രം ആകർഷകമാണ്. ഭീമകാരനായ ഒരു മത്സ്യത്തിന്റെ ആകൃതിയിലാണ് ഈ അക്വേറിയം. മത്സ്യത്തിന്റെ തുറന്നിരിക്കുന്ന വായിലൂടെയാണ് ഞാൻ അകത്തേക്ക് പ്രവേശിച്ചത് . മലമ്പുഴ ഉദ്യാനത്തിന്റെ മുകളിലൂടെയുള്ള ആകാശയാത്രയും സ്നേക്ക് പാർക്കും പുതിയ ഒരു അനുഭവമായിരുന്നു. മലമ്പുഴ ഉദ്യാനത്തിന്റെ സൗന്ദര്യം മുഴുവൻ ആസ്വദിക്കാൻ ഈ ആകാശയാത്രയിലൂടെ കഴിഞ്ഞു. പ്രശസ്ത ശില്പി കാനായി കുഞ്ഞിരാമൻ നിർമ്മിച്ച യക്ഷി പ്രതിമയും മലമ്പുഴ ഉദ്യാനവുമായി ബന്ധപ്പെട്ട മനോഹര കാഴ്ച്ചയാണ്.



മുഹമ്മദ് യാസീൻ അബു - *10* സി

# മലാല യൂസഫ് സായി

പാകിസ്ഥാൻ താലിബാന്റെ ശക്തി കേന്ദ്രമായ വടക്ക പടിഞ്ഞാറൻ അതിർത്തി പ്രവിശ്യയിലെ സ്വാത് ജില്ലയിലെ മിംഗോരയാണ് മലാലയുടെ ജൻമ ദേശം . വിദ്യാഭ്യാസ യുവജന വനിതാവകാശ പ്രവർത്തകനും സ്കൂൾ ഉടമയും കവിയുമായ സിയവുദീൻ യൂസഫാണ് പിതാവ്.കവിയും പോരാളിയുമായ മലാലയി ഓഫ് മായിവന്ദിനോടുള്ള ഇഷ്ടമാണ് മലാലയ്ക്ക് ആ പേര് ഇടാൻ കാരണം. ഖുഷാതി പബ്ലിക് സ്കൂൾ എന്ന




പേരിൽ ഒരു നിര സ്കൂളുകൾ നടത്തുന്നുണ്ട് അദ്ദേഹം. വിദ്യാഭ്യാസ അവകാശ പ്രവർത്തകയായി അവളെ മാറ്റിയത് അദ്ദേഹമായിരുന്നു. 2008 സെപ്റ്റംബറിലാണ് വിദ്യാഭ്യാസ അവകാശത്തെ കുറിച്ച് മലാല പൊതുവേദിയിൽ സംസാരിച്ചു തുടങ്ങിയത്. പെൺകുട്ടികളുടെ പഠനാവകാശം നിഷേധിക്കുന്ന താലിബാനെതിരെ സംസാരിക്കാൻ പെഷവാറിലെ പ്രസ്സ് ക്ലബിൽ അവളെ കൊണ്ടു പോയത് പിതാവാണ്. സ്ത്രീ വിദ്യാഭ്യാസത്തിനായി പ്രവർത്തിക്കുന്ന പാക്കിസ്ഥാനിലെ ഏറ്റവും പ്രായം കുറഞ്ഞ നോബൽ സമ്മാന ജേതാവുമാണ് മലാല. പെൺകുട്ടികൾ സ്കൂൾ വിദ്യാഭ്യാസം നേടുന്നതിനുള്ള താലിബാന്റെ നിരോധനത്തിലുള്ള പ്രതിഷേധത്തിന്റെയും അതുമായി ബന്ധപ്പെട്ട സാമൂഹ്യ സക്രിയതയുടെയും പേരിലാണ് മലാല അറിയപ്പെടുന്നത് . സ്വാത്ത് താഴ്വരയിൽ താലിബാൻ നിയന്ത്രണത്തിന്റെ പശ്ചാത്തലത്തിലെ ജീവിതത്തെ സംബന്ധിച്ച് 2009-ൽ പതിനൊന്നു വയസുള്ളപ്പോൾ ബി ബി സിക്ക് വേണ്ടി എഴുതാൻ തുടങ്ങിയ ബ്ലോഗാണ്

അവളെ ആദ്യ ശ്രദ്ധയിൽ കൊണ്ടുവന്നത് . പിന്നീട് പല പുരസ്കാരങ്ങൾക്കും നാമനിർദ്ദേശം ചെയ്യപ്പെട്ട മലാല പാക്കിസ്ഥാന്റെ ആദ്യത്തെ ദേശീയ സമാധാന പുരസ്കാരം നേടി. 2012 ഒക്ടോബർ 9 ന് നടന്ന ഒരു വധശ്രമത്തിൽ മലാലയുടെ തലക്കും കഴുത്തിനും ഗുരുതരമായപരിക്കേറ്റു . സ്കൂൾ കഴിഞ്ഞ് സ്കൂൾ ബസ്സിൽ വീട്ടിലേക്ക് മടങ്ങുമ്പോഴായിരുന്നു ആക്രമണം. അക്രമണത്തെ തുടർന്നുള്ള അബോധാവസ്ഥയിൽ കഴിഞ്ഞ മലാലയുടെ സ്ഥിതി ക്രമേണ ഭേദപ്പെട്ടു. 2014 -ലെ സമാധാനത്തിന്റെ നോബേൽ സമ്മാനാർഹയാണ് മലാല. നോബൽ സമ്മാനം ലഭിക്കുന്ന എറ്റവും പ്രായം കുറഞ്ഞ വ്യക്തിയാണ് മലാല.

മുഹമ്മദ്ഷാഫി -10 സി




# മോഹൻദാസ് കരംചന്ദ്ഗാന്ധി

മഹാത്മാഗാന്ധി ഇന്ത്യൻ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ നേതാവും വഴികാട്ടിയുമായിരുന്നു. ഇന്ത്യയുടെ രാഷ്ട്രപിതാവ് എന്ന് അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നു. അഹിംസയിലൂന്നിയ സത്യാഗ്രഹം എന്ന സമര സിദ്ധാന്തത്തിലൂടെ ലോകമെമ്പാടും ഗാന്ധി ശ്രദ്ധേയനായി. മഹത്തായ ആത്മാവ് എന്നർത്ഥം വരുന്ന മഹാത്മാ, അച്ഛൻ എന്നർത്ഥം വരുന്ന ബാപ്പു എന്നീ നാമവിശേഷണങ്ങൾ ജനഹൃദയങ്ങളിൽ അദ്ദേഹത്തിനുള്ള സാന്നിധ്യം വ്യക്തമാക്കുന്നു . കേവലമൊരു രാഷ്ട്രീയ നേതാവ് എന്നതിനേക്കാൾ



ദാർശികനായും ഗാന്ധി ലോകമെമ്പാടും അറിയപ്പെടുന്നു. ഏറ്റവും കഠിനമായ പ്രതിസന്ധിഘട്ടങ്ങളിലും സത്യം അഹിംസ എന്നീ മൂല്യങ്ങളിൽ അടിയുറച്ച് പ്രവർത്തിക്കുവാനും ജീവിതചര്യയാക്കി മാറ്റുന്നതിനും മഹാത്മാഗാന്ധി ശ്രദ്ധിച്ചു. ജീവിതകാലം മുഴുവൻ അദ്ദേഹം ഹൈന്ദവ തത്ത്വശാസ്ത്രങ്ങളുടെ പ്രയോക്താവായിരുന്നു. എല്ലാ വിധത്തിലും സ്വയാശ്രയത്വം പുലർത്തിയ ഒരു ആശ്രമം സ്ഥാപിച്ച് അവിടെ ലളിത ജീവിതം നയിച്ച് അദ്ദേഹം പൊതുപ്രവർത്തകർക്കും മാതൃകയായി സ്വയം നൂൽനൂറ്റുണ്ടാക്കിയ വസ്ത്രം ധരിച്ചു; സസ്യാഹാരം മാത്രം ഭക്ഷിച്ചു. ഉപവാസം അഥവാ നിരാഹാരം ആത്മശുദ്ധീകരണത്തിനും പ്രതിഷേധത്തിനുമുള്ള ഉപാധിയാക്കി.ഗാന്ധിജിയുടെ ദർശനങ്ങൾ ആഗോള തലത്തിൽ ഒട്ടേറെ പൗരാവകാശ പ്രവർത്തകരെ സ്വാധീനിച്ചു. മാർട്ടിൻ ലൂഥർ കിംഗ് , സ്റ്റീവ് ബികോ , നെൽസൺ മണ്ടേല ,ഓങ് സാൻ സൂചി എന്നിവർ ഗാന്ധിയൻ ആശയങ്ങൾ സ്വാംശീകരിച്ചവരിൽ പെടുന്നു. ഭാരതീയർ മഹാത്മാഗാന്ധിയെ രാഷ്ട്രപിതാവായി ആദരിക്കുന്നു. ഗാന്ധിജിയുടെ പോരാട്ടവും സവിശേഷതലത്തിലായിരുന്നു . തന്റെ ആശ്രമത്തിൽ വന്നിരുന്ന ബ്രാഹ്മണരടക്കമുള്ള ഉയർന്ന ജാതിക്കാരോട് ദളിതർ ഉപയോഗിച്ച കക്കൂസുകൾ വൃത്തിയാക്കാൻ ഗാന്ധിജി ആവശ്യപ്പെട്ടിരുന്നത് ചൂണ്ടിക്കാട്ടി എത്രമാത്രം സമർത്ഥമായാണ് ഗാന്ധിജി ജാതിയുടെ അസ്ഥിവാരം പൊളിക്കാൻ ശ്രമിച്ചിരുന്നതെന്ന് ചരിത്രക്കാരനായ കെ.എൻ.പണിക്കർ ഒരു കുറിപ്പിൽ വ്യക്തമാക്കുന്നുണ്ട്. ഗാന്ധിജി കൊല്ലപ്പെട്ട ദിവസം വൈകിട്ട് ആകാശവാണിയിലൂടെ രാഷ്ട്രത്തെ അഭിസംബോധന ചെയ്തു കൊണ്ട് നെഹ്റു പറഞ്ഞു "നമ്മുടെ ജീവിതങ്ങളിൽ നിന്ന് പ്രകാശം അണഞ്ഞു പോയിരിക്കുന്നു ."മരണത്തിലും ഗാന്ധിജി ഇന്ത്യയെ നയിക്കുകയായിരുന്നു. ഇരുട്ടിന്റെ അഗാധഗർത്തങ്ങളിലേക്ക് നിപതിക്കാതെ , പ്രകാശത്തിന്റെ വഴികളിലൂടെ ഇന്ത്യ യാത്രചെയ്യുങ്കിൽ അതിനുള്ള ബഹുമതി അർദ്ധനഗ്നനായ ഈ ഫക്കീറിന്

കൊടുക്കാതിരിക്കാൻ നമുക്കാവില്ല. അദ്ദേഹത്തിന്റെ ജന്മദിനമായ ഒക്ടോബർ 2 ഗാന്ധിജയന്തി എന്ന പേരിൽ ദേശീയ അവധി നൽകി ആചരിക്കുന്നു. അഹിംസാധിഷ്ഠിത സത്യാഗ്രഹം എന്ന ഗാന്ധിയൻ ആശയത്തോടുള്ള ബഹുമാനാർത്ഥം ഐക്യരാഷ്ട്രസഭ അന്നേ ദിവസം അന്താരാഷ്ട്ര അഹിംസ ദിനമായും 2007 മുതൽ പ്രഖ്യാപിച്ചിട്ടുണ്ട്.



ഷാഹിന എസ് - *10* സി

# “രണ്ട് കൈകൾ കൊണ്ട് ഭക്ഷണം കഴിക്കുന്നോ?”



ഒരു സദ്യയിൽ മുല്ലാ നസ്റുദ്ദീൻ രണ്ട് കൈകൾ കൊണ്ട് ഭക്ഷണം കഴിച്ച് കൊണ്ടിരിക്കുകയായിരുന്നു .

ആരോ ഇടയക്ക് ചോദിച്ചു :” മുല്ലാ ഇതെന്താണ് ചെയ്യുത്കൊണ്ടിരിക്കുന്നത് രണ്ട് കൈകളും കൊണ്ട് ആഹാരം കഴിക്കുന്നോ?

മൂന്നാമത് ഒരു കൈ ഇല്ലാത്തത് കൊണ്ടാണ്.

മുല്ലാ ഉത്തരം പറഞ്ഞു .

## മുല്ലാ നസ്റുദ്ദീൻ


പതിമൂന്നാം ശക്തത്തിൽ ജീവിച്ചിരുന്ന ഫലിതപ്രിയനായ ഒരു ദാർശനികസൂഫിയായിരുന്നു മുല്ലാ നസ്റുദ്ദീൻ. അദ്ദേഹം തന്റെ സരസവും ബുദ്ധി പരവുമായ കഥകൾ കൊണ്ട് ആളെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യിരുന്നു .മംഗോൾ രാജാവായ തിമൂറിന്റെ കാലത്താണ് അദ്ദേഹം ജീവിച്ചിരുന്നതെന്ന് പറയുന്നു. ആഴമേറിയ ജീവിതദർശനങ്ങൾ നർമത്തിൽ പൊതിഞ്ഞാണ് മുല്ലാ അവതരിപ്പിച്ചിരുന്നത് .മൊല്ലാ ഹോജാ മൗലാനാ എന്നീ പേരുകളിലും മുല്ലാ അറിയപ്പെടുന്നു.



സമ്പാദക – ഫാത്തിമ മെഹ്ജാബിൻ എം എൻ


9 എ

# വള്ളത്തോൾ നാരായണ മേനോൻ




മലയാളത്തിലെ മഹാ കവിയും കേരള കലാമണ്ഡലത്തിന്റെ സ്ഥാപകനുമാണ് വള്ളത്തോൾ നാരായണ മേനോൻ. ആധുനിക മലയാള കവിത്രയത്തിൽ കാവ്യശൈലിയിലെ ശബ്ദ സൗന്ദര്യം കൊണ്ടും സർഗാത്മകതകൊണ്ടും അനുഗൃഹീതനായ മഹാകവിയായിരുന്ന വള്ളത്തോൾ നാരായണമേനോൻ തികഞ്ഞമനുഷ്യസ്നേഹിയും മതസൗഹാർദ്ദത്തിന്റെ വക്താവും ആയിരുന്നു. മലയാള ഭാഷയെ ലോകത്തിന്റെ മുമ്പിൽ ധൈര്യമായി അവതരിപ്പിക്കുക്കയും മലയാളത്തിന്റെ തനത് കലയായ കഥകളിയെ പരിപോഷിപ്പിക്കുകയും ലോകജനതക്ക് മുമ്പിൽ സമർപ്പിക്കുകയും അത് വഴി മലയാളവും കഥകളിയും അന്താരാഷ്ട്ര പ്രസിദ്ധി നേടുകയും ചെയ്തു.

1878 ഒക്ടോബർ 16 ന് തിരൂരിന് സമീപം വള്ളത്തോൾ കോഴി പറമ്പിൽ കുട്ടിപാറു അമ്മയുടെയും ടി വി മല്ലിശ്ശേരി ദാമോദരൻ ഇളയതിന്റെയും മകനായി ജനിച്ചു. സംസ്കൃത പഠനത്തിന് ശേഷം കൈകുളങ്ങര രാമവാര്യരിൽ നിന്ന് തർക്കശാസ്ത്രം പഠിച്ചു. 1905 ൽ തുടങ്ങിയ വാത്മികീ രാമായണ വിവർത്തനം 1907 ൽ പൂർത്തിയാക്കി. 1908 ൽ ഒരു രോഗബാധയെ തുടർന്ന്ബധിരനായി. ഇതേത്തുടർന്നാണ് ബധിരവിലാപം എന്ന കവിത അദ്ദേഹം രചിച്ചത്. 1915 ൽ ചിത്രയോഗം പ്രസിദ്ധീകരിച്ചു. അതേ വർഷം കേരളോദയത്തിന്റെ പത്രാധിപനായി .1958 മാർച്ച് 13 ന് 79 ാം വയസ്സിൽ അന്തരിച്ചു. അദ്ദേഹത്തിന്റെ പരിഭാഷകൾ വിവിധ വിഭാഗത്തിൽപ്പെട്ടവയാണ് .ദേശീയ പ്രക്ഷോഭത്തിനെ ത്വരിപ്പിക്കുന്നത്തിനായി രചിച്ചവയാണ് സാഹിത്യമഞ്ജരിയിൽ സമാഹരിക്കപ്പെട്ട ദേശിയകവനങ്ങൾ. വൈക്കം സത്യാഗ്രഹ കാലത്ത് (1924) ഗാന്ധിജിയെ നേരിട്ട് കണ്ട് അദ്ദേഹത്തിന്റെ ആരാധകനായ വള്ളത്തോൾ മഹാത്മജിയെപറ്റിയെഴുത്തിയ എന്റെ ഗുരുനാഥൻ പ്രശസ്തമാണ് . ഇന്ത്യൻ നാഷണൽ കോൺ ഗ്രസ്സിന്റെ ചെന്നൈ (1927)കൽക്കത്ത്(1928) സമ്മേളനങ്ങളിൽ പങ്കെടുത്തു .1922 ൽ വെയിൽസ് രാജകുമാരൻ നൽകിയ പട്ടും വളയും നിരസിക്കാനുള്ള ആർജവം വള്ളത്തോൾ കാട്ടി.



ആദിൽ
സുൽത്താൻ -*10* സി

# ജ്ഞാനലബ്ധി

കാട്ടിൽ തപസ്സ ചെയ്യുകയായിരുന്ന ഒരു സന്യാസിയുടെ തലയിൽ ഒരിക്കൽ ഒരു പക്ഷി കാഷ്ഠിച്ചു. പക്ഷിയോട് ദേഷ്യം തോന്നിയ സന്യാസി അതിനെ തുറിച്ചു നോക്കി. സന്യാസിയുടെ തപ:ശക്തിയിൽ പാവം പക്ഷി ദഹിച്ചു പോയി. അന്നു മുതൽ അദ്ദേഹം തന്റെ തപ:ശക്തിയാൽ അഹങ്കാരിയായി തീർന്നു.

ഒരു ദിവസം ഒരു ബ്രാഹ്മണ ഗൃഹത്തിൽ അദ്ദേഹം ഭിക്ഷാടനത്തിനു ചെന്നു. ഗൃഹനാഥയായ ബ്രാഹ്മണി ഭർത്തൃ ശുശ്രൂഷയിൽ മുഴുകിയിരിക്കുന്ന സമയമായിരുന്നു അത്. ഭിക്ഷാടനത്തിനു വന്ന സന്യാസിയോട് അല്പനേരം കാത്തിരിക്കാൻ അവൾ ആവശ്യപ്പെട്ടു. സന്യാസിക്ക് ബ്രാഹ്മണിയോട് കടുത്ത കോപം തോന്നി .




ഭർത്തൃ ശുശ്രൂഷ കഴിഞ്ഞ് ഭിക്ഷയുമായിവന്ന ബ്രാഹ്മണിയെ കോപം കൊണ്ട് അദ്ദേഹം തുറിച്ചു നോക്കി അതുകണ്ട് ബ്രാഹ്മണി സന്യാസിയോട് പറഞ്ഞു : "തലയിൽ കാഷ്ഠിച്ച പക്ഷിയെ തപ:ശക്തി കൊണ്ട് അങ്ങ് ദഹിപ്പിച്ച പോലെ ഞാൻ ദഹിക്കുകയില്ല." സന്യാസിക്ക് അത്ഭുതമായി. താൻ പക്ഷിയെ ദഹിപ്പിച്ച കാര്യം എങ്ങനെ അറിഞ്ഞെന്ന് ബ്രാഹ്മണിയോട് ചോദിച്ചു "ഭർത്തൃശുശ്രൂഷ എന്റെ

ധർമ്മമാണ്. ഭർത്തൃ പൂജയിൽ നിന്നുമുണ്ടായ ജ്ഞാനം കൊണ്ടാണ് ആ വസ്തുത എനിക്കു മനസ്സിലായത്."

ബ്രാഹ്മണിയുടെ വാക്കുകൾ കേട്ട സന്യാസിയുടെ അഹങ്കാരം ശമിച്ചു. ധർമ്മം അനുസരിക്കുന്നവർക്ക് ജ്ഞാനലബ്ധി കൈവരും എന്ന വസ്തുത അദ്ദേഹത്തിന് അപ്പോൾ മനസ്സിലായി.


കടപ്പാട്:-എ.ബി.വി.കാവിൽപ്പാട്

സമ്പാദക -ഫാത്തിമ കെ ബി 10 സി



## ശ്രീനാരായണഗുരു


### “യുഗാചാര്യനായ നവോത്ഥാന നായകൻ"



ഭാരതത്തിന്റെ നവോത്ഥാന സംസ്കാരത്തിന്റെ അത്താണി. പലവിധ ഭേദങ്ങൾ കൊണ്ട് അന്ധകാര ജീവിതം നയിച്ച ജനതയെ നവോത്ഥാത്തിന്റെ മാർഗത്തിലൂടെ പുരോഗതിയിലോക്ക് നയിച്ചു. ഭേദങ്ങൾക്ക് സ്ഥാനം നൽകാതെ മനുഷ്യത്വത്തിന്റെ മഹത്വം ഉദ്ഘോഷിച്ചു. ജാതി മത വിവേചനങ്ങൾ കൊണ്ടാടിയിരുന്ന പഴയ സമൂഹത്തെ മതങ്ങൾക്കതീതമായ മനുഷ്യത്വത്തിന്റെ പ്രകാശം വീശി ഉൾക്കാഴ്ച്ചയിലേക്ക് ക്ഷണിച്ചു.” ഒരു ജാതി,ഒരു മതം,ഒരു ദൈവം മനുഷ്യന്‌’’ എന്ന ഉൾക്കാഴ്ച്ചയിൽ ഉറച്ചു നിന്നു. അതു കൊണ്ടു തന്നെ ഗുരുദേവന് സന്യാസിശിഷ്യരായും ഗൃഹസ്ഥ ശിഷ്യരായും അനുയായികളായും ഉണ്ടായിരുന്നതു നാനാജാതി മത വിഭാഗങ്ങളിൽ പെട്ടവരായിരുന്നു. സ്വമോക്ഷത്തെ അവഗണിച്ച് മറ്റുള്ളവരുടെ മോക്ഷത്തിന് പ്രാധാന്യം നൽകിയ ഈ കർമ്മ യോഗി തപസ്സിൽ മാത്രമായി ഒതുങ്ങാതെ ഈ സമൂഹത്തിലേക്കിറങ്ങി പ്രവർത്തിച്ചു.ഇങ്ങനെ ഗുരു മറ്റ ഇന്ത്യൻ സന്ന്യാസിമാരിൽ നിന്നും വ്യത്യസ്തനായിരുന്നു.

ഗുരുദേവനെ ശിവഗിരിയിൽ ചെന്നു കണ്ടു ദീർഘമായി സംസാരിച്ച മഹാത്മാഗാന്ധി പിറ്റേന്ന് തിരുവനന്തപുരത്ത് ആയിരങ്ങൾ പങ്കെടുത്ത പൊതു യോഗത്തിൽ ഗുരുവിനെ വിശേഷിപ്പിച്ചത് 'ഒരു പുണ്യാത്മാവ്" എന്നായിരുന്നു. വിശ്വസൗഹാർദ്ദയജ്ഞം നടത്തി ഏകലോകദർശനം പ്രയോഗികമാക്കി മാറ്റി. 'മതമേതായാലും കൊള്ളാം,മനുഷ്യൻ നന്നായാൽ മതി' എന്ന ഗുരുദർശനം അധുനികകാലത്തും വാഴ്ത്തപ്പെടുന്നു. ഇതിനുദാഹരണമാണ് പ്രളയകാലത്ത് കേരളസമൂഹം ഒരുമയോടെ പ്രളയത്തെ അതിജീവിച്ചത്. ഗുരുദേവൻ നിർബന്ധമായും അനുഷ്ഠിക്കപ്പെടേണ്ടത് എന്ന് വിശേഷിപ്പിച്ചത് ധർമത്തേയാണ്. ഗുരുവചനത്തിൽ 'ധർമം തന്നെയാണ പരമമായ ദൈവം, ധർമം തന്നെയാണ് പരമമായ ധനം, ധർമം എല്ലായിടത്തും വിജയിച്ചരുളുന്നു. ധർമം മാനവരാശിയുടെ ശ്രേയസ്സിനായിഭവിക്കട്ടെ.' യുഗങ്ങളുടെ പുരോഗതിയേ ലക്ഷ്യമാക്കിയ ഈ ഉൽപ്പതിഷ്ണുവിന്റെ ചൈതന്യം ഒരിക്കലും അസ്തമിക്കാത്തതാണ്.

അഫിമോൾ അഷ്‌റഫ് - 10 സി



## മദർ തെരേസയുടെ ജീവിതം

1910 ആഗസ്റ്റ് 26 ന് യുഗോസ്ലാവിയയിലെ സ്കോപ്ജെ പട്ടണത്തിൽ ജനിച്ചു.ആഗ്നസ് ഗോൺ ഹാബൊയാക്സ എന്നായിരുന്നു ആദ്യ പേര്. കെട്ടിട നിർമാണ കോണ്ട്രാക്ടറായ നിക്കോലോ ബൊജാക്സിയുടെയും വെനീസുകാരിയായ ഡ്രാനാഫില് ബെർണായുടെയും മൂന്ന് മക്കളിൽ ഇളയവളായിരുന്നു മദർ തെരേസ.

1917-ൽ പിതാവ് മരിച്ചു. തുന്നൽ ജോലികൾ ചെയ്താണ് അമ്മ കുടുംബം പുലർത്തിയത്.



എല്ലാത്തലത്തിലും മാതൃകയായിരുന്ന അമ്മയുടെ ജീവിതം ആഗ്നസ്സിനെ ബാല്യത്തിൽ തന്നെ ഏറെ സ്വാധീനിച്ചു. സ്നേഹിക്കാനും ശുശ്രൂഷിക്കാനും ആദ്യം പരിശീലിപ്പിച്ചത് അമ്മയായിരുന്നുവെന്ന് മദർ പിന്നീട് അനുസ്മരിച്ചിട്ടുണ്ട്.

സ്കൂളിൽ പഠിക്കുന്ന കാലത്ത്, 12 വയസ്സുള്ളപ്പോഴാണ് കന്യാസ്ത്രീ ആകണമെന്ന് ആഗ്രഹം ആദ്യമായി ഉണ്ടായത്. കന്യാമാതാവിന്റെ പേരിലുള്ള "സൊഡാലിറ്റി" സംഘടനയിൽ ആഗ്നസ്സ് സജീവമായിരുന്നു. 18-വയസ്സായപ്പോൾ ഇവർ "ലൊറേറ്റോ" സന്ന്യാസിനിസഭയിൽ അംഗമായി. തുടർന്ന് ലണ്ടനിൽ പോയി കുറച്ചു കാലം ഇഗ്ലീഷ് പഠിക്കുകയും 1931 മെയ് 24 ന് തെരേസ എന്ന പേര് സ്വീകരിക്കുകയും ചെയ്തു. 1929 – ൽ ഇന്ത്യയിൽ എത്തി. ഡാർജിലിങ്ങിൽ ലോറെറ്റോ സന്യാസിനികളുടെ കേന്ദ്രത്തിൽ സന്യാസ വിദ്യാർത്ഥിനിയായി തുടർന്നു. 1931 മെയ് 24 ന് സഭാവസ്ത്രം സ്വീകരിച്ചു. കിഴക്കൻ കൊൽക്കത്തയിലെ ലൊറേറ്റൊ കോൺവെന്റ് സ്കൂളിൽ അദ്ധ്യാപികയായിരിക്കേ 1937 മെയ് 14 ന് സിസ്റ്റർ തെരേസ്സ നിത്യവ്രതം സ്വീകരിച്ചു.


അദ്ധ്യാപകവൃത്തിയിൽ സംതൃപ്തയായിരുന്നെങ്കിലും കൊൽക്കത്തയിലെ പാവപ്പെട്ടവരുടെ ജീവിത ദുരിതങ്ങൾ അവരുടെ മനസ്സിനെ അസ്വസ്ഥമാക്കി. കോൺവെന്റിന് സമീപത്ത് പോലും ധാരാളം പേരുടെ അകാല മരണം നേരിട്ടു കണ്ട തെരേസ തന്റെ ജീവിതം പാവപ്പെട്ടവർക്കായി സമർപ്പിക്കാൻ തീരുമാനമെടുത്തു. വത്തിക്കാന്റെ അനുമതിയോടെ 1950 ഒക്ടോബർ 7 ന് കൊൽക്കത്താ രൂപതയ്ക്കു കീഴിൽ

പുതിയ സന്യാസിനീസഭ ആരംഭിച്ചു. അതായിരുന്നു മിഷണറീസ് ഓഫ് ചാരിറ്റിയുടെ പിറവി.വിശക്കുന്നവരെയും നഗ്നരെയും ഭവനരഹിതരെയും അന്ധരെയും കുഷ്ഠരോഗികളെയും പരിത്യക്തരെയും പരിചരിക്കുക എന്നത് മിഷണറീസ് ഓഫ് ചാരിറ്റി ദൗത്യമായി ഏറ്റെടുത്തു.

കർമദേശമായ ഭാരതവും ലോകം മുഴുവനും മദർ തെരേസയുടെ പുണ്യപ്രവർത്തികളെ പോത്സാഹിപ്പിച്ചു .ഒട്ടേറെ പുരസ്കാരങ്ങൾ അവരെ തേടിയെത്തി. 1962 ജനുവരി 26-ന് റിപ്പബ്ലിക് ദിനത്തിൽ പത്മശ്രീ നൽകി മദറിനെ ഭാരതം ആദരിച്ചു. ആ വർഷം തന്നെ മാഗ്സസെ അവാർഡും തുടർന്ന് 1972-ൽ അന്തർദേശീയ ധാരണയ്ക്കുള്ള നെഹ്റു അവാർഡും ലഭിച്ചു.


1979 ഡിസംബറിൽ മദർ തെരേസയ്ക്ക് ലോക സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു.1980 ൽ ഇന്ത്യയിലെ പരമോന്നത ബഹുമതിയായ'ഭാരതരത്നവും'നൽകി .ബ്രിട്ടീഷ് ഗവൺമെന്റ് പരമോന്നത ബഹുമതിയായ 'ഓർഡർ ഓഫ് മെറിറ്റ് '1983 ൽ നൽകി മദറിനെ ആദരിച്ചു.

1985 ൽ അമേരിക്കയിലെ ഉന്നത പുരസ്കാരം മെഡൽ ഓഫ് ഫ്രീഡം ലഭിച്ചു.1992 ൽ 'ഭാരത് ശിരോമണി അവാർഡും രാഷ്ട്രപതിയിൽ നിന്നു സ്വീകരിച്ചു. ഇവ കൂടാതെ വിശ്വപ്രസിദ്ധസർവകലാശാലകളുടെ ഓണററി ഡോക്ടറേറ്റ് ബിരുദങ്ങളും ലഭ്യമായിട്ടുണ്ട്. 1996 ൽ ഓണററി യു.എസ്.സിറ്റിസൺഷിപ്പും ലഭിച്ചു. 1997 ൽ മദർ സുപ്പീരിയർ സ്ഥാനമൊഴിഞ്ഞ അവർ ആ വർഷം സെപ്റ്റംബർ 5 ന് അന്തരിച്ചു. 2003 ഒക്ടോബർ 19 ന് ജോൺപോൾ രണ്ടാമൻ 'വാഴ്ത്തപ്പെട്ടവൾ' ആയി പ്രഖ്യാപിച്ചു.


ബീമമോൾ പി എസ് -*10* സി

# സാഹോദര്യം


സാഹോദര്യത്തിന്റെ സൗന്ദര്യം തുളുമ്പുന്ന ഒരു കഥ കേട്ടിട്ടുണ്ട്. രണ്ടു കർഷക സോദരുടെ. വിവാഹിതനായ ഇളയ സഹോദരന് നാലഞ്ചു മക്കളുണ്ട്. ഒരു രാത്രി അവിവാഹിതനായ ജ്യേഷ്ഠന് അനുജൻെറയും. കുടുബതതിൻെറയും ഭാവിയെപററിയാലോചിച്ച് ഉറക്കം വരുന്നില്ല ,എൻെറ അനുജന്റെ കുടുംബത്തിന് വരുമാനം ഇല്ല അതുകൊണ്ട് അവനും കുടുംബവും ഭാവിയിൽ കഷ്ടപ്പെടും..ഇതോർത്തപ്പോൾ



ജ്യേഷ്ഠന് സങ്കടം വന്നു .അന്നു രാത്രി എല്ലാവരും ഉറങ്ങുന്നനേരം നോക്കി തൻെറ പത്താഴത്തിൽ നിന്ന് മൂന്ന് നാല് ചാക്ക് നെല്ല് എടുത്ത് അനുജൻെറ പത്തായത്തിൽ കൊണ്ടു പോയി ഇട്ടു .

അന്നു രാത്രിയിൽ അവിവാഹിതനായ ജ്യേഷ്ഠന്റെ ഭാവിയോർത്തിരുന്നിട്ട് അനുജന് ഉറക്കം വന്നില്ല. എനിക്ക് മക്കളെങ്കിലുമുണ്ട് .ഏട്ടന് വയസ്സുകാലത്ത് ആരാണുണ്ടാവുക? വേണ്ടത്ര പണമുണ്ടെങ്കിൽ അതെങ്കിലുമൊരു പകരമാകും. അന്നു രാത്രി അനുജൻ തന്റെ പത്തായത്തിൽ നിന്ന് കുറേ നെല്ലെടുത്ത് ഏട്ടന്റെ പത്തായത്തിൽ കൊണ്ടുപോയി നിറച്ചു

ഇത് ഇടയ്ക്കിടെ രണ്ടുപേരും പരസ്പരം അറിയിക്കാതെ ചെയ്തു കൊണ്ടിരുന്നു. ഒരു ദിവസം രാത്രി രണ്ടുപേരും ചാക്കുകളിൽ നെല്ലുമായി പത്തായപ്പുരയ്ക്ക് നേരെ പോകുമ്പോൾ തമ്മിൽ കണ്ടുമുട്ടി. ... അവരിരുവരും ഒന്നുമുരിയാടാനാവാതെ പരസ്പരം നോക്കി നിന്നു .അവരുടെ കണ്ണു നിറഞ്ഞൊഴുകി ... ഇരുവരും മരിച്ചുപോയി .ആയിടെ ഗ്രാമത്തിൽ ഒരു ദേവാലയം പണിയാനുള്ള ആലോചന നടന്നു. അതിനു പറ്റിയ സ്ഥലമായി അവർ തിരഞ്ഞെടുത്തത് ഈ സോദരർ നെല്ലുചാക്കുമായി നടക്കുമ്പോൾ പരസ്പരം കണ്ടുമുട്ടിയ ആ സ്ഥലമായിരുന്നു.



സമ്പാദക -ഹിബ സാലിഹ് 9 എ

# സി. എച്ച് മുഹമ്മദ് കോയ

കോഴിക്കോട് ജില്ലയിലെ അത്തോളി എന്ന ഗ്രമത്തിൽ 1927 ജൂലൈ 15 ന് പയ്യം പുനത്തിൽ അലി മുസ്ലലിയാരുടെയും മറിയുമ്മടെയും മകനായി ഒരു സാധാരണ കുടുബത്തിലാണ് സി എച്ച് മുഹമ്മദ് കോയ ജനിച്ചത്.



1961 ൽ കെ .എം . സീതി സാഹിബിന്റെ നിര്യാണത്തെ തുടർന്ന് നിയമസഭാസ്പീക്കറായി തിരഞ്ഞടുക്കപ്പെട്ടു. 1967 ലെ ഇ. എം എസ്സ് മന്ത്രിസഭയിൽ വിദ്യാഭ്യാസ മന്ത്രിയായിരുന്ന അദ്ദേഹം . വിദ്യാഭ്യാസമന്ത്രിയെന്ന നിലയിൽ പല പുരോഗമനാശയങ്ങളും അദ്ദേഹം നടപ്പിലാക്കി . കേരളത്തിലെ കുട്ടികൾക്ക് 10 ആം ക്ലാസുവരെ വിദ്യാഭ്യാസം സൗജന്യമാക്കിയത് സി. എച്ച് വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്താണ്. മുസ്സ്ലിം പെൺകുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് സകോളർഷിപ്പ് അദ്ദേഹം ഏർപ്പെടുത്തി. വിദ്യാഭ്യാസപരമായി പിന്നോക്കം നിന്ന മുസ്ലിം സമുദായത്തെ വിദ്യാഭ്യസത്തിലേക്ക് ആകർഷിക്കാൻ അദ്ദേഹം പ്രാഥമിക വിദ്യാലയങ്ങളിൽ അറബിഭാഷ ഒരു വിഷയമാക്കി.പല അറബി അദ്ധ്യാപകർക്കും ഇതു മൂലം സർക്കാർ ജോലി ലഭിച്ചു . സി എച്ചിന്റെ ശ്രമങ്ങളുടെ ഫലമായാണ് സെനറ്റ് സിൻഡിക്കേറ്റ് അക്കാദമിക് കൗൺസിൽ എന്നീ സ്ഥാപനങ്ങളിൽ സർവ്വകലാശാലാ വിദ്യാർത്ഥികളുടെ പങ്കാളിത്തം നിലവിൽ വരുത്തിയത് സി. എച്ച് ആണ് . മലപ്പുറം ജില്ല രൂപവത്കരിച്ചതിന്റെ പിന്നിലെ പ്രേരകശക്തിയും സി എച്ച് ആയിരുന്നു. കാലിക്കറ്റ് സർവകലാശാല രൂപവത്കരിച്ചത് സി എച്ചിന്റെ അശ്രാന്ത ശ്രമങ്ങളുടെ ഫലമാണ്. കോഴിക്കോട് മലപ്പുറം അതിർത്തിയിലെ അത്രയൊന്നും വികസിതമല്ലാത്ത ഒരു സ്ഥലം സർവകലാശാല ആസ്ഥാനമായി തിര ഞ്ഞെടുത്തതു വഴി ആ സ്ഥലത്തിന്റെ പുരോഗതിക്കും കോയ വഴിതെളിച്ചു. കേരളത്തിലെ മുസ്ലിം സമുദായത്തെ ഇന്ത്യൻ ദേശിയതയുടെ മുഖ്യധാരയിൽ കൊണ്ടുവന്ന എന്നതാണ് കോയയുടെ മറ്റൊരു സംഭാവന. നല്ല വാഗ്മി എന്ന പേരു സമ്പാദിച്ചു. അദ്ദേഹത്തിന്റെ നർമവും ചിന്താശകലങ്ങളും കലർന്ന പ്രസംഗങ്ങൾ

കേൾക്കാൻ ആളുകൾ പാതിരാവ് വരെ കാത്തിരിക്കുമായിരുന്നു. മുസ്ലിം ലീഗിന്റെ മുഖപത്രമായ ചന്ദ്രികയിൽ അദ്ദേഹം ലേഖനങ്ങൾ എഴുതിയിരുന്നു .

1983 സെപ്റ്റംബർ 28-ന് 56 ാമത്തെ വയസ്സിൽ ഹൈദരാബാദിലെ സേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ വെച്ച് സി എച്ച് അന്തരിച്ചു. മരണസമയത്ത് അദ്ദേഹം കേരളത്തിന്റെ ഉപമുഖ്യമന്ത്രിയും പൊതുമരാമത്തുവകുപ്പുമന്ത്രിയുമായിരുന്നു .ഒരു പൊതുപരിപാടിയിൽ സംബന്ധിക്കാനായി ഹൈദരാബാദിലെത്തിയ അദ്ദേഹത്തിന് അവിടെവച്ച് മസ്തിഷ്കാഘാതം ഉണ്ടാകുകയായിരുന്നു.

സർബാസ് അക്ബർ 10 സി



# അവഗണിക്കപ്പെടുന്ന വാർദ്ധക്യം

ലോകാരോഗ്യ സംഘടന ഒക്ടോബർ-1 വൃദ്ധദിനമായി ആചരിക്കുന്നു നമ്മുടെ സമൂഹത്തിൽ വൃദ്ധജനങ്ങളുടെ എണ്ണം കൂടി വരുകയാണ്. 2020 വരുമ്പോഴേക്കും കേരളത്തിലെ വൃദ്ധജനങ്ങളുടെ എണ്ണം ഇരുപത് ശതമാനം വരെ ആകുമെന്ന് കണക്കാക്കുന്നു.കൂട്ടുകുടുബവ്യവസ്ഥിതി തകർന്നതും അണുകുടുംബങ്ങൾ വ്യാപകമായതും കുടുംബത്തിലെ സ്ത്രീകൾ ഉൾപ്പടെയുള്ള യുവജനങ്ങൾ അന്യനാടുകളിൽ ജോലിക്കുപോയി തുടങ്ങിയതും വൃദ്ധജനങ്ങളുടെ പരിചരണം ഒരു നീറുന്ന പ്രശ്നമാക്കി മാറ്റിയിട്ടുണ്ട്.മക്കളോടും പേരക്കുട്ടികളോടുമൊപ്പം അവസാനകാലം കഴിയാൻ ആഗ്രഹിക്കുന്നവർ വൃദ്ധസദനങ്ങളിൽ ഏകാന്തതയും ഒറ്റപ്പെടലും നേരിടേണ്ടി വരുന്നു. പലരും വിഷാദരോഗത്തിന് അടിമപ്പെടുന്നു.എറ്റവും കൂടുതൽ വൃദ്ധസദനങ്ങളുള്ള പ്രദേശമായി കേരളം മാറിക്കൊണ്ടിരിക്കുന്നു.വീടിനുള്ളിൽ തന്നെ അവഗണനയും പീഡനവും ഏറ്റ് വാങ്ങുന്ന മാതാപിതാക്കളുടെ എണ്ണം വർദ്ധിച്ച് വരികയാണ്.സ്വത്ത് തട്ടിയെടുത്തതിന് ശേഷം വീടിനുള്ളിലെ ഇരുണ്ടമൂലയിൽ ഭക്ഷണം പോലും നൽകാതെ ഉപേക്ഷിക്കപ്പെട്ട മാതാവിനെ പോലീസെത്തി രക്ഷപ്പെടുത്തിയ വാർത്ത ഈ അടുത്താണല്ലോ നാം കണ്ടത്.വഴിയരികിൽ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധരുടെ എണ്ണവും കൂടിവരുന്നുണ്ട്.സ്വന്തം നേട്ടങ്ങളിലും സമ്പത്തിലും മാത്രം ശ്രദ്ധിക്കുകയും പെറ്റമ്മയെ പോലും സൗകര്യപൂർവ്വം മറക്കുകയും ചെയ്യുന്ന ഒരു തലമുറ ഇവിടെ രൂപപ്പെട്ട് വരുന്നുണ്ട്.കേരളത്തിന് വെളിയിലും അന്യനാടുകളിലും ജോലി തേടിപ്പോകുന്ന യുവാക്കൾക്ക് തങ്ങളുടെ മാതാപിതാക്കളെ വൃദ്ധസദനത്തിൽ ആക്കേണ്ടിവരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. പക്ഷെ, വൃദ്ധസദനങ്ങൾ ഒരിക്കലും മക്കൾ ഉപേക്ഷിക്കുന്നവർക്ക് വേണ്ടിയാകരുത്.ആത്മവിശ്വാസത്തോടെ, ആരോഗ്യത്തോടെ , ആനന്ദത്തോടെ വർദ്ധക്യം ആസ്വദിക്കാനുള്ള ഇടങ്ങളായിരിക്കണം വൃദ്ധസദനങ്ങൾ. അവ ഒരിക്കലും ചൂഷണകേന്ദ്രങ്ങൾ ആവരുത്.നമുക്കും ഒരിക്കൽ വാർദ്ധക്യം ഉണ്ടാവും എന്ന യാഥാർത്ഥ്യം മാതാപിതാക്കളെ അവഗണിക്കുന്ന മക്കൾ ഓർക്കുന്നത് നല്ലതാണ്.”മാതാ , പിതാ , ഗുരു , ദൈവം എന്നാണല്ലോ പ്രാചീനാചാര്യന്മാർ നമ്മെ പഠിപ്പിച്ചിട്ടുള്ളത്.



The two largest sectors of the population – the spinal cord of our nation

സയീദ് നാസ്സർ -9 എ



## ഫുഡ്ബോളിൽ നക്ഷത്രത്തിളക്കവുമായി തർബിയത്ത്

സീനിയർ & ജൂണിയർ വിഭാഗം മൂവാറ്റുപുഴ ഉപജില്ലാ ചാമ്പ്യൻമാർ

റിലയൻസ് കപ്പ് ഇടുക്കി സോണൽ ചാമ്പ്യൻമാർ



